
കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

മെയ് 2021 വാല്യം 60 ലക്കം 5







**മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ച**
**ആരക്കുഴ ദൈവാലയം**

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

മെയ് 2021 വാല്യം 60 ലക്കം 5




## ഉള്ളടക്കം


5 ദൈവകരുണയിൽ ആശ്രയിക്കാം പ്രത്യാശയോടെ ജീവിക്കാം
9 മെയ് ദിനസന്ദേശം
16 രൂപതക്കച്ചേരി
23 മൈനർ സെമിനാരി
24 വിജ്ഞാനഭവൻ
26 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
27 സോഷ്യൽ സർവീസ്
29 ചെറുപുഷ്പ മിഷൻലീഗ്
29 ഫാമിലി അപ്പോസ്തലേറ്റ്
30 പിതൃവേദി
31 ഡി. സി. എം. എസ്.
31 ഡി. എഫ്. സി.
32 യുവദീപ്തി – KCYM
33 ജീസസ് യൂത്ത്
34 കത്തോലിക്കാകോൺഗ്രസ്
35 അല്മായ ഫ്രാൻസിസ്കൻ സഭ
36 സെന്റ് വിൻസെന്റ് ഡി പോൾ
37 കേരള ലേബർ മൂവ്മെന്റ്
38 രൂപതാദ്ധ്യക്ഷന്റെ ഡയറി
41 Bishop's Engagements
42 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
42 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE PULLOPPILLIL

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ

Page 5 സർക്കുലർ
Page 16 ജപമാല പ്രാർത്ഥന
Page 18 ജൂബിലി സ്മാരക സ്കോളർഷിപ്പ്
Page 23 വൊക്കേഷൻ ക്യാമ്പ്
Page 25 2021– 22 അധ്യയനവർഷം

## തിരുനാളുകൾ



**1**
തൊഴിലാളി
മദ്ധ്യസ്ഥനായ
വി. യൗസേപ്പ്



വി. അത്തനേഷ്യസ്



**2**
മാർ അദ്ദായി



**3**
വി. യാക്കോബ്




വി. പീലിപ്പോസ്



**6**
വി. ഡൊമിനിക്
സാവിയോ



**13**
കർത്താവിന്റെ
സ്വർഗാരോഹണം



**14**
വി. മത്തിയാസ്
ശ്ലീഹ



**30**
പരിശുദ്ധ
ത്രിത്വത്തിന്റെ
തിരുനാൾ



**31**
പരി. കന്യകാ
മറിയത്തിന്റെ
സന്ദർശനം

# ദൈവകരുണയിൽ ആശ്രയിക്കാം പ്രത്യാശയോടെ ജീവിക്കാം

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

ഒരു വർഷത്തിലേറെയായി ലോകം മുഴുവൻ ഗുരുതരവും സങ്കീർണ്ണവുമായ സാഹചര്യത്തിലൂടെ കടന്നുപോവുകയാണ്. കൊറോണ വൈറസ് വ്യാപനം മൂലം നാനാവിധത്തിലുള്ള പ്രതിസന്ധികളും, കഷ്ടപ്പാടുകളും സമൂഹത്തിന്റെ സകലമേഖലകളെയും സാരമായി ബാധിച്ചിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ രണ്ടാംതരംഗം അതിശക്തമായി തുടരുമ്പോൾ മനുഷ്യന്റെ ബുദ്ധിശക്തിയുടെയും സാമ്പത്തികശേഷിയുടെയും സാങ്കേതികവൈദഗ്ദ്ധ്യത്തിന്റെയും നിസ്സഹായാവസ്ഥ പ്രകടമാകുന്നു. ഇത്തരം മഹാമാരികളെ ആത്മീയപക്വതയോടെ മനസ്സിലാക്കി ദൈവകരുണയിൽ പൂർണ്ണമായി ആശ്രയിക്കാനും ദൈവത്തോട് ചേർന്നുനിൽക്കാനും നമുക്ക് സാധിക്കണം. സാധാരണക്കാരായ അനേകരുടെ മനസ്സിൽ ഇക്കാലത്ത് ഉയരുന്ന ചില ചോദ്യങ്ങളുണ്ട്: എന്തുകൊണ്ടാണ് ലോകം മുഴുവൻ ഇങ്ങനെ സഹിക്കേണ്ടിവരുന്നത്? എന്താണ് ഈ കഷ്ടതകൾക്കുള്ള പരിഹാരം? സാധാരണജീവിതം ഇനി എന്ന് സാധ്യമാകും? ദൈവത്തിലാശ്രയിച്ച് പ്രാർത്ഥനാനിർഭരരായിവേണം ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം തേടാൻ. കാരണം മാനുഷികബുദ്ധികൊണ്ടും ഭൗതികശക്തികൊണ്ടും ശ്രമിച്ചിട്ട് നാളിതുവരെ ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം കണ്ടെത്താൻ നമുക്ക് സാധിച്ചിട്ടില്ല.

പ്രത്യാശാനിർഭരമായ മനസ്സോടെ ദൈവകരുണയിൽ ആശ്രയിച്ച് ഈ കാലഘട്ടത്തെ വിലയിരുത്തുമ്പോൾ കൂടുതൽ എളിമപ്പെടാൻ നാം നിർബന്ധിതരാകുന്നു. അനേകം ആളുകൾ പലവേദികളിലായി ഉന്നയിച്ച ഒരു ചോദ്യമാണ് 'കൊറോണവൈറസ് ദൈവത്തിന്റെ ശിക്ഷയാണോ?' ലോകം മുഴുവൻ നേരിടുന്ന ഈ മഹാമാരി ദൈവശിക്ഷ

യായി കാണുന്നതിനേക്കാൾ നല്ലത് ഒരു മുന്നറിയിപ്പായി മനസ്സിലാക്കുന്നതാണ്. മനുഷ്യന്റെ നന്മതിന്മകളുടെ കണക്കെടുത്ത് ശിക്ഷിക്കുന്നയാളല്ല ദൈവം. മറിച്ച് കരുണയോടെ കടാക്ഷിച്ച് നേർവഴിയിലേക്ക് അവനെ നയിക്കുന്ന കാരുണ്യത്തിന്റെ ഉറവിടമാണ്. പഴയനിയമത്തിലുടനീളം ദൈവകരുണയുടെ ഈ കരുതൽ നമുക്ക് കാണാനാവും. ഇസ്രായേൽജനം ഈജിപ്തിന്റെ അടിമത്വത്തിൽ നിന്ന് കാനാൻ ദേശത്തേയ്ക്ക് യാത്രചെയ്യുമ്പോൾ ദൈവത്തിന്റെ അനന്തമായ പരിപാലനയും കാരുണ്യവും ആവോളം അനുഭവിക്കുന്നുണ്ട്. എന്നാൽ, എപ്പോഴൊക്കെ അവർ ദൈവസ്നേഹത്തിൽ നിന്നും ദൈവകല്പനകളിൽ നിന്നും മറുതലിച്ച് നിന്നിട്ടുണ്ടോ അപ്പോഴൊക്കെ ദൈവം മുന്നറിയിപ്പുമായി അവരുടെ മുന്നിൽ വന്നിട്ടുണ്ട്. ഈ മുന്നറിയിപ്പുകൾ ശിക്ഷയോ പ്രതികാരമോ അല്ല. മറിച്ച്, മനുഷ്യന്റെ ഹൃദയകാഠിന്യം നീക്കി തിരികെ വരാനുള്ള ദൈവിക ആഹ്വാനമാണ്. ഈ ദൈവിക സന്ദേശം ഏറ്റെടുത്ത് ദൈവത്തോട് ചേർന്ന് നിൽക്കാൻ നമുക്ക് പരിശ്രമിക്കാം. സങ്കീർത്തകൻ പറയുന്നു: "അത്യുന്നതന്റെ സംരക്ഷണമുള്ളവനും ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാകുന്നു" (സങ്കീ. 91: 1) ദൈവത്തിന്റെ സംരക്ഷണവലയിത്തിലായിരിക്കാനും അവിടുത്തെ കരുതൽ അനുഭവിക്കാനും നമുക്ക് സാധിക്കട്ടെ.

നമ്മുടെ സാമൂഹിക രാഷ്ട്രീയ സാമ്പത്തിക രംഗം കൂടി ഈയവസരത്തിൽ വിശകലനവിധേയമാക്കുന്നത് നല്ലതാണ്. ഈ ലോകത്തിലാരംഭിച്ച് ഈ ലോകത്തിൽ തന്നെ അവസാനിക്കുന്ന കേവലം നശ്വരമായ ഭൗതികനേട്ടങ്ങൾക്കുവേണ്ടി മനുഷ്യൻ എന്തും ചെയ്യാൻ മടികാണിക്കാത്ത കാലഘട്ടമാണിത്. മനുഷ്യന് തന്റെ സ്രഷ്ടാവായ ദൈവത്തോടും പ്രകൃതിയോടും സഹോദരങ്ങളോടുമുള്ള ബന്ധങ്ങളിൽ ആഴത്തിലുള്ള വിള്ളലുകൾ വന്നിട്ടുണ്ട്. ഇത്തരത്തിലുള്ള ബന്ധങ്ങൾ പുനഃസ്ഥാപിക്കാനും സ്നേഹത്തിന്റെയും പരസ്പരസഹകരണത്തിന്റെയും ജീവിതശൈലി ആർജ്ജിച്ചെടുക്കാനുമുള്ള മുന്നറിയിപ്പായി ഈ കാലഘട്ടത്തിന്റെ പ്രതിസന്ധികളെ മനസ്സിലാക്കാൻ നമുക്ക് സാധിക്കും.

ഇത് നിരാശപ്പെടുവാനോ ദുഃഖിതരാകുവാനോ ഹൃദയം കഠിനമാക്കുവാനോ ഉള്ള സമയമല്ല. മറിച്ച് ദൈവത്തിങ്കലേക്ക് തിരികെ വരാനുള്ള അവസരമായി ഉപയോഗപ്പെടുത്തണം. വി. ഗ്രന്ഥത്തിൽ ധൂർത്തപുത്രന്റെ ഉപമ നമുക്ക് സുപരിചിതമാണ്. തന്റെ സ്വത്തുമായി നാടുവിട്ടുപോകുന്ന ഇളയമകൻ സങ്കടകരമായ അവസ്ഥയിലേക്ക് വീണുപോകുന്നുണ്ട്. ആദ്യഘട്ടത്തിലെ ദുരവസ്ഥകളെ അയാൾ പരിഗണിക്കുന്ന

തേയില്ല. എന്നാൽ പ്രതിസന്ധി രൂക്ഷമായി ഭക്ഷണംപോലും ലഭിക്കാത്ത അവസ്ഥ വന്നുചേർന്ന് ജീവൻ അപകടത്തിലായി. അപ്പോൾ അവൻ തന്റെ പിതാവിന്റെ ഭവനത്തെപ്പറ്റി ഓർത്തു. ഇതിന് സമാനമായ സാഹചര്യമാണ് ഇന്ന് നമ്മുടെ ചുറ്റുമുള്ളത്. ജീവവായുവിനുവേണ്ടി ആശുപത്രി വരാന്തകളിൽ കൈകൂപ്പി യാചിക്കുന്ന രോഗികൾ. മാതാപിതാക്കളുടെയും ഉറ്റബന്ധുക്കളുടെയും മൃതദേഹവുമായി സംസ്കാരത്തിനുള്ള അവസരത്തിനായി നിസ്സഹായരായി തെരുവിൽ കാത്തുനിൽക്കുന്നവർ. ഇതെല്ലാം കണ്ട് ഭയപ്പെട്ട് മനസ്സിന്റെ ശക്തി ക്ഷയിച്ച് വിഷാദരോഗത്തിന് അടിമപ്പെട്ട അനേകർ. ഈ സാഹചര്യത്തിന്റെ ഗൗരവം മനസ്സിലാക്കി ധൂർത്തപുത്രനെപ്പോലെ സ്വർഗ്ഗത്തിലേക്ക് കണ്ണുകളുയർത്താൻ ഇനിയും വൈകരുത്. ദൈവകരുണയിൽ ആശ്രയിച്ച് ദൈവസ്നേഹത്തിൽ ശക്തിപ്പെട്ട് സാധാരണജീവിതത്തിലേക്ക് ലോകം തിരികെയെത്താൻ ആത്മാർത്ഥമായി നമുക്ക് പ്രാർത്ഥിക്കാം.

നമ്മുടെ വിശ്വാസത്തിന്റെ കേന്ദ്രവും വി. ഗ്രന്ഥത്തിന്റെ അടിസ്ഥാനസന്ദേശവും പ്രത്യാശയാണ്. ലോകം മുഴുവനെയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നൽകി പ്രത്യാശയോടെ മനുഷ്യനെ സൃഷ്ടിച്ച ദൈവം. പ്രത്യാശാനിർഭരമായ മനസ്സോടെ കാനാൻ ദേശത്തേയ്ക്ക് യാത്രയാകുന്ന ഇസ്രായേൽ ജനം. തളരുന്ന മനുഷ്യർക്ക് പ്രത്യാശയും ധൈര്യവും നൽകുന്ന പ്രവാചകന്മാരും രാജാക്കന്മാരും. മരണത്തെയും പാപത്തെയും പരാജയപ്പെടുത്തി ഉത്ഥിതനായി പ്രത്യാശയുടെ അവസാനവാക്കായി മാറിയ നമ്മുടെ കർത്താവായ ഈശോ. പന്തക്കുസ്താദിനത്തിൽ പരിശുദ്ധാത്മാവിന്റെ അഭിഷേകം വഴി ലഭിച്ച പ്രത്യാശയും ധൈര്യവും കൈമുതലാക്കി സുവിശേഷത്തിന്റെ സന്ദേശം ലോകത്തിന്റെ നാനാദിക്കിലുമെത്തിച്ച അപ്പസ്തോലന്മാർ. തലമുറകളിലൂടെ കൈമാറിയ പ്രത്യാശയുടെയും ദൈവസ്നേഹത്തിന്റെയും ഈ സന്ദേശമാണ് സഭയിലൂടെ ഇന്ന് നാം പ്രഘോഷിക്കേണ്ടത്. 'ദൈവത്തിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കരുണ ഒരിക്കലും അവസാനിക്കുന്നില്ല' (വിലാ. 3:22). ഈ വചനത്തിന്റെ ശക്തി മഹാമാരിയുടെ ഈ കാലത്ത് നമ്മുടെ ജീവിതങ്ങളെ ആത്മീയമായി ഉണർവ്വുള്ളതാക്കട്ടെ. ഈ പ്രത്യാശയുടെ സന്ദേശമാണ് സഭയിലൂടെ ഇന്ന് മഹാമാരിയുടെ നടുവിൽനിന്ന് നാം പ്രഘോഷിക്കേണ്ടത്.

സാമൂഹികപ്രതിബദ്ധതയോടും സഹോദരസ്നേഹത്തോടുംകൂടി ഈ കാലഘട്ടത്തിൽ നാം ഒരുമിച്ച് മുന്നോട്ട് നീങ്ങണം. സർക്കാർ സംവി

ധാനങ്ങൾ മുന്നോട്ട് വയ്ക്കുന്ന നിബന്ധനകളും നിർദ്ദേശങ്ങളും കർശനമായി പാലിക്കുകവഴി നാടിന്റെ ആരോഗ്യത്തിന് നാം കാവലാളാവുകയാണ്. ആഘോഷങ്ങൾ ഒഴിവാക്കിയും ഒരുമിച്ചുകൂടലുകൾ നിയന്ത്രിച്ചും നമുക്കാവുംവിധം ഈ മഹാമാരിയെ ചെറുക്കാൻ പരിശ്രമിക്കാം. ഇതോടൊപ്പം തന്നെ രാജ്യത്തെ പൗരന്മാരുടെ ആരോഗ്യത്തിനും ജീവനും സംരക്ഷണം നൽകാനുള്ള ഉത്തരവാദിത്വം വിട്ടുവീഴ്ചയില്ലാതെ നിറവേറ്റാൻ ഭരണകർത്താക്കൾക്കും കടമയുണ്ട്. പ്രാണവായുവിനുവേണ്ടി തെരുവിൽ നിലവിളിക്കുന്ന മനുഷ്യരുടെ ദയനീയ മുഖങ്ങൾ പത്രമാധ്യമങ്ങളിൽ നിറയുന്നത് ആശങ്കാജനകമായ രാഷ്ട്രീയ സാമൂഹ്യ സാഹചര്യങ്ങളുടെ പ്രകടമായ തെളിവുകളാണ്.

കൊറോണ വൈറസ് ബാധിച്ച് അനേകർ മരണമടഞ്ഞിട്ടുണ്ട്. പ്രിയപ്പെട്ടവരുടെ മൃതസംസ്കാരകർമ്മത്തിൽ പോലും പങ്കെടുക്കാൻ സാധിക്കാതെ കഠിനമായ ദുഃഖത്തിലൂടെ കടന്നുപോകുന്ന നിരവധിയാളുകളുണ്ട്. അവർക്ക് ആശ്വാസവും സമാധാനവും ലഭിക്കാൻ നമുക്ക് പ്രാർത്ഥിക്കാം. ദൈവത്തിന്റെ കരുണയ്ക്കു മാത്രമേ ഈ ലോകത്തെ സംരക്ഷിക്കാനാവൂ എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. കുടുംബപ്രാർത്ഥന ശക്തിപ്പെടുത്തിയും അറ്റുപോയ ബന്ധങ്ങൾ പുനഃസ്ഥാപിച്ചും ആത്മീയമായി ഉണരാനും ശക്തിപ്രാപിക്കാനുമുള്ള അവസരമായി മഹാമാരിയുടെ ഈ കാലഘട്ടം നമുക്ക് ഉപയോഗപ്പെടുത്താം.

“നിങ്ങൾ ഭയപ്പെടാതെ ഉറച്ചുനിൽക്കുവിൻ. നിങ്ങൾക്കുവേണ്ടി ഇന്ന് കർത്താവ് ചെയ്യാൻ പോകുന്ന രക്ഷാകൃത്യം നിങ്ങൾ കാണും. കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും, നിങ്ങൾ ശാന്തരായിരുന്നാൽ മതി” (പുറ. 14: 13-14). പ്രതിസന്ധികളിൽ നിരാശപ്പെട്ട് പരാതികളുമായി വന്ന ഇസ്രായേൽജനത്തോട് മോശ പറഞ്ഞ ഈ വാക്കുകൾ മഹാമാരിയുടെ നടുവിൽ നമുക്ക് ധൈര്യവും ആത്മവിശ്വാസവും പകരട്ടെ. നമ്മെ രക്ഷിക്കാൻ സാധിക്കുന്ന ഏകശക്തി ദൈവമാണ്. നമുക്ക് അവിടുത്തെ കരുണയിൽ ആശ്രയിക്കാം. നിത്യജീവിതത്തിലുള്ള പ്രത്യാശയോടെ സ്വർഗ്ഗത്തെ ലക്ഷ്യമാക്കിയുള്ള നമ്മുടെ ജീവിത തീർത്ഥാടനം ദൈവത്തിലാശ്രയിച്ച് നമുക്ക് തുടരാം. അസ്വസ്ഥത നിറഞ്ഞ ഈ കാലത്ത് ഈശോയുടെ വചനം നമുക്ക് ശക്തിയാകട്ടെ. “നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട, ദൈവത്തിൽ വിശ്വസിക്കുവിൻ എന്നിലും വിശ്വസിക്കുവിൻ” (യോഹ. 14:1) പ്രതീക്ഷ നിറഞ്ഞ മനസ്സോടെ പ്രാർത്ഥനാനിർഭരരായി പ്രതിസന്ധിയുടെ ഈ കാലഘട്ടത്തെ നമുക്ക് അതിജീവിക്കാം.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: 2021 മെയ് 9-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ വായിക്കേണ്ടതാണ്.

---

Ref: 3471/K-5/KCBC/OL/DS 08.04.2021

## കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

## മെയ്ദിന സന്ദേശം 2021

"വിശുദ്ധ യൗസേപ്പ്: നീതിയോടെ അദ്ധ്വാനിച്ച മരപ്പണിക്കാരൻ"
(ഫ്രാൻസിസ് പാപ്പ, പാത്രിസ് കോർദെ 6)

ഈശോയിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റേയും തൊഴിലാളി മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാളിന്റേയും മംഗളാശംസകൾ നേരുന്നു. കോവിഡ് മഹാമാരിയുടെ കരിനിഴലിൽ നിന്നും ലോകം മുഴുവൻ മോചനം പ്രാപിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

1. തൊഴിലാളികളുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനു സമർപ്പിക്കപ്പെട്ട വർഷത്തിലെ മെയ്ദിനം സവിശേഷമാണ്. തിരുസ്സഭയുടെ 'പരിപാലകവിശുദ്ധനായി' വി. യൗസേപ്പിതാവിനെ 1870-ൽ ഭാഗ്യസ്മരണാർഹനായ പീയൂസ് ഒൻപതാമൻ പാപ്പ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ നൂറ്റിയൻപതാം വാർഷികം പ്രമാണിച്ചാണു പരിശുദ്ധ ഫ്രാൻസിസ് പാപ്പ 2020 ഡിസംബർ 8 മുതൽ 2021 ഡിസംബർ 8 വരെയുള്ള ഒരു വർഷക്കാലം വിശുദ്ധ യൗസേപ്പിതാവിന്റെ ധന്യസ്മരണയ്ക്ക് മുന്നിൽ സമർപ്പിച്ചുകൊണ്ട് പ്രഖ്യാപനം

നടത്തിയത്. തിരുക്കുടുംബത്തിന്റെ നാഥനായ വിശുദ്ധ യൗസേപ്പിന്റെ വർഷം കുടുംബവർഷമായി കൂടി തിരുസ്സഭ ആചരിക്കുകയാണ്. ആയതിനാൽ തൊഴിലിനെയും തൊഴിലാളികളെയും കുറിച്ചും കുടുംബങ്ങളെക്കുറിച്ചും വിശദമായ പഠനങ്ങളും ധ്യാനങ്ങളും പരിചിന്തനങ്ങളും നടത്തേണ്ടതായിട്ടുണ്ട്. അതോടൊപ്പം തൊഴിലാളി ശക്തീകരണത്തിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം.

2. വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിനു തുടക്കം കുറിച്ചുകൊണ്ട് പരിശുദ്ധ ഫ്രാൻസിസ് പാപ്പ 'പാത്രിസ് കോർദേ' (പിതാവിനോടൊപ്പം) എന്ന പേരിൽ ഒരു അപ്പസ്തോലിക ലേഖനം പ്രസിദ്ധീകരിക്കുകയുണ്ടായി. മരപ്പണിക്കാരനും (മത്താ. 13:55) നീതിമാനുമായ (മത്താ.1:19) യൗസേപ്പിതാവിന്റെ വ്യക്തിപ്രാഭവത്തിലെ ഗുണഗണങ്ങളെ വിവരിക്കുന്ന ഏഴ് ഖണ്ഡികകൾ ഈ അപ്പസ്തോലിക ലേഖനത്തിലുണ്ട്. അതിൽ ആറാമത്തെ ഖണ്ഡിക 'തൊഴിലെടുക്കുന്ന പിതാവ്' എന്ന തലക്കെട്ടിലാണു എഴുതിയിരിക്കുന്നത്. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിന്റെ ജീവിതാനുഭവങ്ങളിലൂടെ തൊഴിലിന്റെ വ്യക്തിപരവും സാമൂഹികവുമായ മാനങ്ങളുടെ പ്രാധാന്യവും പ്രസക്തിയും പാപ്പ അനാവരണം ചെയ്യുകയാണ്. "തന്റെ കുടുംബത്തെ പരിപാലിക്കുന്നതിനായി സത്യസന്ധമായ ജീവിതം നയിച്ച മരപ്പണിക്കാരനാണു വിശുദ്ധ യൗസേപ്പ്. സ്വന്തം അദ്ധ്വാനത്തിന്റെ ഫലത്തിൽ നിന്നും ആഹാരം കഴിക്കണം എന്ന പ്രബോധനത്തിന്റെ മൂല്യവും അന്തസ്സും ആനന്ദവും യേശു സ്വാംശീകരിച്ചത് വിശുദ്ധ യൗസേപ്പിൽ നിന്നാണ്" (പാത്രിസ് കോർദേ, 6). യേശുവിന്റെ ജീവിതത്തിൽ വി. യൗസേപ്പിതാവിന്റെ തൊഴിൽജീവിതം ചെലുത്തിയ സ്വാധീനമാണു പാപ്പ വിശദീകരിക്കുന്നത്. തൊഴിലിന്റെയും തൊഴിലാളികളുടെയും മഹത്വത്തെ സംബന്ധിച്ചും പാപ്പ പറയുന്നത് ശ്രദ്ധിക്കുക: "രക്ഷാകര പ്രവർത്തനത്തിൽ പങ്കെടുക്കാനുള്ള മാദ്ധ്യമമാണു തൊഴിൽ. ദൈവരാജ്യത്തിന്റെ വരവിനെ വേഗത്തിലാക്കാനുള്ള അവസരമാണു തൊഴിൽ. കഴിവുകളും നൈപുണ്യവും വികസിപ്പിക്കാനുള്ള മാർഗമാണു തൊഴിൽ. വ്യക്തികളുടെ മാത്രമല്ല കുടുംബത്തിന്റെയും ആത്മസഫലീകരണത്തിനായി തൊഴിൽ അനിവാര്യമാണ്"(പാ. കോ. 6). തൊഴിലിന്റെ സാമൂഹിക മാനങ്ങളെക്കുറിച്ചും പാപ്പ പഠിപ്പിക്കുന്നുണ്ട്. "നമ്മുടെ കാലഘട്ടത്തിലുള്ള സാമ്പത്തികവും സാമൂഹികവും സാംസ്കാരികവും ആദ്ധ്യാ

ത്മികവുമായ പ്രതിസന്ധികൾ തൊഴിലിന്റെ മൂല്യം, പ്രാധാന്യം, ആവശ്യകത എന്നിവയെ വീണ്ടും കണ്ടെത്തി ആരെയും പുറത്താക്കാത്ത ഒരു പുതിയ സാമൂഹിക ക്രമം രൂപപ്പെടുത്തുന്നതിനുള്ള ആഹ്വാനമായി കാണണം" (പാ. കോ. 6) എന്നാണു പാപ്പ പഠിപ്പിക്കുന്നത്.

3. ലോകത്തെ പുരോഗതിയിലേക്ക് നയിക്കുന്ന ഘടകമാണ് തൊഴിൽ. മനുഷ്യൻ തൊഴിൽ ചെയ്തില്ലായിരുന്നുവെങ്കിൽ ലോകം ഇന്നും സൃഷ്ടാവസ്ഥയിൽ തന്നെ തുടരുമായിരുന്നു. സൃഷ്ടിയിൽ അന്തർലീനമായിരിക്കുന്ന ദിവ്യതയിലും സർഗാത്മകതയിലുമുള്ള പങ്കുചേരലാണ് തൊഴിലെന്ന ബോധ്യം ഉണ്ടാകുകയെന്നതാണ് ഓരോ തൊഴിലാളിയും മെയ്ദിനത്തിൽ നിന്നും സ്വാംശീകരിക്കേണ്ട സന്ദേശം.

4. വ്യവസായവിപ്ലവത്തെ തുടർന്നു തൊഴിൽമേഖലയിൽ ഉണ്ടായ ചൂഷണത്തിനെതിരെ എട്ട് മണിക്കൂർ തൊഴിൽ, എട്ട് മണിക്കൂർ വിനോദം, എട്ട് മണിക്കൂർ വിശ്രമം എന്ന ആവശ്യവുമായി തൊഴിലാളികൾ ചിക്കാഗോ നഗരത്തിൽ നടത്തിയ സമരം അധികാരികളാൽ അടിച്ചമർത്തപ്പെട്ടെങ്കിലും തങ്ങൾ ഉന്നയിച്ച ആവശ്യങ്ങൾ നേടിയെടുക്കാൻ തൊഴിലാളി സമൂഹത്തിനു പിൽക്കാലത്ത് സാധിച്ചു. സമരമുഖത്തെ തൊഴിലാളികളുടെ സഹനത്തെയാണു മെയ്ദിനം നമ്മെ അനുസ്മരിപ്പിക്കുന്നത്.

5. "വ്യക്തി തന്റെ കായികവും ബുദ്ധിപരവും സർഗാത്മകവുമായ കഴിവുകളെ, തന്റെയും കുടുംബത്തിന്റെയും സമൂഹത്തിന്റെയും ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുന്ന പ്രവർത്തനമാണു തൊഴിൽ" എന്നാണ് തിരുസ്സഭ നിർവചിച്ചിട്ടുള്ളത്. ഇതിൽനിന്നു തന്നെ കുടുംബ പുരോഗതിയിലും സാമൂഹിക വികസനത്തിലും തൊഴിലിന്റെയും തൊഴിലാളിയുടെയും പ്രാധാന്യം എടുത്തു കാണിക്കുന്നുണ്ട്. അതുകൊണ്ടാണ് തൊഴിലാളിക്ക് ലഭിക്കുന്ന വേതനം തൊഴിലാളിയുടെയും കുടുംബത്തിന്റെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനും, നാളേയ്ക്കു വേണ്ടി അല്പം കരുതി വയ്ക്കുന്നതിനുമുള്ളവിധമായിരിക്കണമെന്നുമുള്ള നിലപാട് എടുത്തുകൊണ്ട് ജീവനക്കൂലി (living wages) കുടുംബക്കൂലി (family wages) എന്നീ ആശയങ്ങൾ തിരുസ്സഭ ഒരു നൂറ്റാണ്ടു കാലമായി സാമൂഹിക പ്രബോധനങ്ങൾ വഴി അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. അന്താരാഷ്ട്ര തൊഴിൽ സംഘടന ഇക്കാര്യം തങ്ങളുടെ മാർഗ നിർദ്ദേശ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അദ്ധ്വാനത്തിലൂടെ സ്വകാര്യസ്വത്ത് ആർജിക്കുകയെന്നത് ഒരു വ്യക്തിയുടെ

ഉത്തരവാദിത്വമാണെന്നു കൂടി അസന്നിഗ്ദ്ധമായി സഭയുടെ സാമൂഹീക ചാക്രികലേഖനങ്ങളിലൂടെ പ്രബോധിപ്പിക്കുന്നുണ്ട്.

6. തൊഴിൽ ലഭിക്കുക, തൊഴിലിനു മാന്യമായ വേതനം ലഭിക്കുക, സുരക്ഷിതമായ തൊഴിൽസാഹചര്യം ലഭിക്കുക, തൊഴിലിനു ഉറപ്പ് ലഭിക്കുക എന്നിവ തൊഴിലാളികളുടെ അവകാശങ്ങളാണ്. അതോടൊപ്പം ചികിത്സാനുകൂല്യങ്ങൾ, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാപദ്ധതികൾ തുടങ്ങിയവയുടെ ലഭ്യതയെല്ലാം തൊഴിലാളിയുടെ അവകാശമാണ്. ഇവ ഉറപ്പുവരുത്തുക ബന്ധപ്പെട്ട സർക്കാരുകളുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യമാണു എന്നാണു തിരുസ്സഭ പഠിപ്പിക്കുന്നത് (സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ സംക്ഷേപം, 301). ദൗർഭാഗ്യവശാൽ ഈ കർത്തവ്യ നിർവ്വഹണത്തിൽനിന്നും ഏകപക്ഷീയമായി പിൻമാറുന്ന നയമാണ് സർക്കാരുകൾ പിന്തുടരുന്നത് എന്ന ദുഃഖകരമായ സാഹ ചര്യമാണ് ഇപ്പോൾ ഉള്ളത്. മൂലധനത്തേക്കാൾ പ്രധാന്യം തൊഴിലാളി കൾക്കാണു നൽകേണ്ടത് എന്നാണു സഭാപ്രബോധനങ്ങൾ പഠിപ്പിക്കുന്നത്. പരിശുദ്ധ ഫ്രാൻസിസ് പാപ്പ നിരന്തരം പരിദേവനം നടത്തുന്നതു പോലെ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ പ്രാധാന്യമാണു ഇക്കാലത്ത് നൽകപ്പെടുന്നത്. മൂലധന താത്പര്യങ്ങൾ സംരക്ഷിക്കാനായി പലപ്പോഴും തൊഴിലാളികളുടെ അവകാശങ്ങൾ നിഹനിക്കപ്പെടുന്നു.

7. ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽ വിഭാഗമായ കർഷകർ തങ്ങളുടെ അവകാശസംരക്ഷണത്തിനായി സമരം തുടങ്ങിയിട്ട് ആറ് മാസങ്ങൾ കഴിഞ്ഞു. കർഷകരുമായി കൂടിയാലോചിക്കാതെ രൂപപ്പെടുത്തിയിട്ടുള്ള കർഷക നിയമങ്ങൾ തങ്ങളുടെ താത്പര്യങ്ങൾക്ക് എതിരാണെന്ന പരാതിയിലാണു കർഷകർ സമരം തുടരുന്നത്. നാലു ലേബർ കോഡുകളായി രൂപപ്പെടുത്തി പരിഷ്കരിച്ചിരിക്കുന്ന തൊഴിൽ നിയമങ്ങൾ നടപ്പിലാക്കുന്ന നടപടി ക്രമങ്ങൾ രൂപപ്പെടുത്തുന്നത് അവസാന ഘട്ടത്തിലാണ്. ഈ പരിഷ്ക്കാരങ്ങൾക്കെതിരെ തൊഴിലാളികളും പ്രതിഷേധത്തിലാണ്. വേണ്ടത്ര കൂടിയാലോചന നടത്താതെ രൂപപ്പെടുത്തിയിരിക്കുന്ന ഇവ തൊഴിലാളി താത്പര്യങ്ങൾക്കെതിരാണെന്നാണു അവർ ഉന്നയിക്കുന്ന പ്രധാന ആക്ഷേപം. നിലവിലുള്ള അവകാശങ്ങൾ പോലും ഇല്ലാതാകുമെന്നു അവർ ഭയപ്പെടുന്നു. മാത്രമല്ല, രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന അസംഘടിത തൊഴിലാളികൾക്ക്

ആവശ്യമായ പരിരക്ഷ ഈ നിയമത്തിൽ ഉറപ്പാക്കിയിട്ടില്ലെന്ന പരാതിയും അവർ ഉന്നയിക്കുന്നുണ്ട്.

8. പ്രകൃതിവിഭവങ്ങളിൽ ആശ്രയിച്ച് ജീവിതം കെട്ടിപ്പടുത്തുയർത്തുന്ന കർഷകരെയും തൊഴിലാളിസമൂഹത്തെയും നിരാശയിലേക്ക് നയിക്കുന്ന സാഹചര്യമാണു മലയോര മേഖലകളിൽ യുക്തിരഹിതവും അശാസ്ത്രീയവും ആയ വിധത്തിലുള്ള ബഫർസോൺ പ്രഖ്യാപനത്തിലൂടെയും, അന്യായമായ പട്ടയനിഷേധത്തിലൂടെയും ഉണ്ടായിരിക്കുന്നത്. തീരപരിപാലന നിയമത്തിലെ അപാകതകൾ, ദേശീയ മത്സ്യനയം, ബ്ലൂ ഇക്കോണമി സോൺ നയം, ആഴക്കടൽ മത്സ്യബന്ധന കരാറുകൾ എന്നിവ തീരവാസികളുടെ, വിശിഷ്യാ മത്സ്യത്തൊഴിലാളികളുടെ ജീവിതം കഷ്ടത്തിലാക്കിയിരിക്കുന്നു. എന്നാൽ മലയോര മേഖലകളിലും തീരപ്രദേശങ്ങളിലും കോർപ്പറേറ്റുകൾക്കും ടൂറിസ്റ്റ് ലോബികൾക്കും എല്ലാവിധ ഒത്താശകളും ലഭിക്കുന്നു എന്നതാണു വൈരുദ്ധ്യം.

9. നിയമങ്ങൾ നിർമ്മിക്കുമ്പോഴും നയങ്ങൾ രൂപപ്പെടുത്തുമ്പോഴും ബന്ധപ്പെട്ടവരുമായി കൂടിയാലോചന നടത്തുവാൻ സർക്കാരുകൾ സന്നദ്ധമാകേണ്ടതുണ്ട്. മൂലധന താത്പര്യസംരക്ഷണത്തേക്കാൾ തൊഴിലാളികളുടെ സുസ്ഥിതിക്കും അവകാശങ്ങൾക്കും മുൻതൂക്കം കൊടുത്തു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കുവാൻ പാടുള്ളൂ. പുതിയ നിയമങ്ങൾ നിർമ്മിക്കുമ്പോൾ വിശദമായ ചർച്ചകൾ നിയമനിർമ്മാണ സഭകളിൽ നടക്കുന്നുണ്ടെന്നു ഉറപ്പു വരുത്തേണ്ടതുമാണ്. സാധാരണക്കാരായ ഗുണഭോക്താക്കളുടെ ആശങ്കകൾ പരിഹരിച്ചു മാത്രമേ നിയമങ്ങളും നയങ്ങളും നിർമ്മിക്കാവൂ. ദീർഘകാലമായി സമരം ചെയ്യുന്ന കർഷകരോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കാനും അവരുടെ ആശങ്കകൾ പരിഹരിച്ച് സമരം സമാപിപ്പിക്കാനുമുള്ള നടപടികൾക്ക് കേന്ദ്രസർക്കാർ നേതൃത്വം നൽകേണ്ടതാണ്.

10. വിശുദ്ധ യൗസേപ്പിന്റെ ജീവിതം മാതൃകയാക്കാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. അവകാശങ്ങളെക്കുറിച്ച് ചിന്തിക്കുന്നതോടൊപ്പം തങ്ങളുടെ കടമകളെ കുറിച്ചും തൊഴിലാളികളെ ചിന്തിപ്പിക്കുന്നതിനുള്ള അവസരംകൂടിയാണ് മെയ്ദിനം. അവകാശങ്ങളെ കുറിച്ചു മാത്രം ചിന്തിക്കുകയും കടമകളെ മറക്കാൻ ശ്രമിക്കുകയും ചെയ്യുന്ന തൊഴിലാളിസമൂഹം സ്വയംനാശത്തിലേക്ക് നിപതി

ക്കും. തത്ഫലമായി രാഷ്ട്രത്തിന്റെ തകർച്ചയ്ക്ക് വരെ നിദാനമാകുകയും ചെയ്യും.

11. വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും സാമൂഹിക മേഖലയിലും പ്രതീക്ഷയുടേയും സന്തോഷത്തിന്റേയും വെളിച്ചം പരത്താൻ തൊഴിലാളിക്ക് കടമയുണ്ട്. ഇഷ്ടമുള്ള ജോലി ചെയ്യുന്നതിലല്ല മറിച്ച് ലഭിച്ച തൊഴിൽ സന്തോഷത്തോടെ അതിന്റെ പൂർണ്ണതയിൽ ചെയ്യുമ്പോഴാണ് തൊഴിലാളിക്ക് തന്റെ ഉത്തരവാദിത്വം നിറവേറ്റാനാകുന്നത്. തൊഴിൽമേഖലയിൽ സർഗാത്മകതയോടെ ഇടപെടുക, എല്ലാ മേഖലയിലും കരുതലെടുക്കുക, ത്യാഗമനസ്സുണ്ടാകുക, സഹകരണ മനോഭാവം വളർത്തിയെടുക്കുക, പങ്കുവയ്ക്കലിന്റെ രീതിശാസ്ത്രം പ്രയോഗവല്കരിക്കുക എന്നതെല്ലാം തൊഴിലാളികൾ തങ്ങളുടെ കടമകളാണെന്ന് തിരിച്ചറിയുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് തൊഴിൽരംഗത്ത് വികസനവും സമാധാനവും സംജാതമാകുക. കുടുംബത്തിലുള്ള തങ്ങളുടെ ചുമതലകൾ കർത്തവ്യ ബോധത്തോടെ തൊഴിലാളികൾ നിർവ്വഹിക്കണം. സാമൂഹിക പ്രതിബദ്ധതയും തൊഴിലാളികൾക്കുണ്ടാകണം (ഫ്രത്തേലി തൂത്തി, 162).

12. “മറ്റുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ” (മത്താ. 7:12) എന്ന യേശു വചനത്തെ മലയിലെ പ്രസംഗത്തിലെ സുവർണ്ണ നിയമമെന്നാണു വിശേഷിപ്പിക്കുന്നത്. മാറ്റം തുടങ്ങേണ്ടത് നമ്മിൽ ഓരോരുത്തരിൽ നിന്നുമാണ്. അതിന് സ്വതന്ത്രചിന്ത അത്യാവശ്യമാണ്. സത്യാധിഷ്ഠിത പ്രവൃത്തികളാണു നമ്മെ സ്വതന്ത്രരാക്കുന്നത് (യോഹ. 8:32). ജാതീയമായും മതപരമായും രാഷ്ട്രീയപരമായും വിഭജിതമായതും അടിമത്ത പരമായ വിധേയത്വം പുലർത്തുന്നതുമായ വ്യക്തികളുടെ കൂട്ടം ഒരു പുരോഗതിയും മുന്നോട്ടു വയ്ക്കുന്നില്ല. ഈ സാഹചര്യത്തെയാണു രാഷ്ട്രീയ, ഭരണ, കോർപ്പറേറ്റ് കൂട്ടുകെട്ടുകൾ പ്രയോജനപ്പെടുത്തുന്നത് എന്ന തിരിച്ചറിവ് ഉള്ളവരായി മാറുകയെന്നതാണ് ഓരോ തൊഴിലാളിയുടേയും പരമപ്രധാനമായ കർത്തവ്യം. മാർ യൗസേപ്പിനെപോലെ അവകാശങ്ങളെ കുറിച്ചും കടമകളെക്കുറിച്ചും ബോധ്യമുള്ളവരായി തൊഴിലാളികൾ മാറണം.

13. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് ഇന്ത്യൻ മെത്രാൻ സമിതിയുടെ (CBCI) യുടെ വർക്കേഴ്സ് ഇന്ത്യ ഫെഡറേഷനുമായി

(WIF) സഹകരിച്ച് പ്രവർത്തിക്കുന്നു. ഇന്ത്യയിലെ തൊഴിൽ ശക്തിയിലെ 94 ശതമാനം വരുന്ന അസംഘടിത തൊഴിലാളികളുടെ സംഘാടനവും ഉന്നമനവുമാണ് ഇതിലൂടെ പ്രധാനമായും ലക്ഷ്യമാക്കുന്നത്.

14. തൊഴിൽപരമായ സംഘാടനം, നൈപുണ്യ പരിശീലനം, സാമൂഹിക സുരക്ഷാപദ്ധതികളിലെ പങ്കാളിത്തം, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ, അവകാശ നിഷേധങ്ങൾക്കെതിരെയുള്ള പ്രതിരോധം, തൊഴിലിനെയും ആദരിക്കുന്ന സംസ്കാരത്തെ രൂപപ്പെടുത്തൽ, ക്രിസ്തീയവും ധാർമ്മികവുമായ ജീവിതരീതി പ്രദാനം ചെയ്യൽ തുടങ്ങിയവയാണ് കെ.എൽ.എം. ലക്ഷ്യം വയ്ക്കുന്നത്.

15. നിർമ്മാണതൊഴിലാളി ഫോറം, മത്സ്യത്തൊഴിലാളി ഫോറം, തയ്യൽ തൊഴിലാളി ഫോറം, ഗാർഹീകതൊഴിലാളി ഫോറം, പീടിക തൊഴിലാളി ഫോറം, കർഷകതൊഴിലാളി ഫോറം, ചെറുകിടതോട്ടം തൊഴിലാളി ഫോറം, മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ഫോറം, വനിതാ ഫോറം എന്നിങ്ങനെ വിവിധ ഫോറങ്ങൾ വഴിയാണു കെ.എൽ.എം. പ്രവർത്തിച്ചുവരുന്നത്.

16. തൊഴിലാളിയായ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തിൽ തൊഴിലാളി പ്രേഷിതത്വത്തിനു മുൻഗണന നൽകേണ്ടതാണ്. തൊഴിലാളികളുടെ സംഘാടനത്തിനും ശക്തീകരണത്തിനുമായുള്ള പ്രവർത്തനങ്ങൾ എല്ലാ രൂപതകളും വളരെ ഗൗരവപൂർവ്വം ഏറ്റെടുക്കുവാൻ താത്പര്യപ്പെടുന്നു. എല്ലാ ഇടവകകളിലും കെ.എൽ.എം.-ന്റെ യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുകയും സജീവമാക്കുകയും ചെയ്യണം. മെയ് ദിനത്തോടനുബന്ധിച്ച് എല്ലാ ഇടവകകളിലും തൊഴിലാളികൾക്കുവേണ്ടി ദിവ്യബലി അർപ്പിക്കുന്നത് ഉചിതമാണ്.

17. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും വിശുദ്ധ യൗസേപ്പിന്റെ മാധ്യസ്ഥ്യവും എല്ലാ തൊഴിലാളി സഹോദരങ്ങളുടെയും മേൽ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളെ എല്ലാവരെയും കാത്തു സംരക്ഷിക്കട്ടെ.

**ബിഷപ്പ് അലക്സ് വടക്കുംതല**
(ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

**ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ)

# രൂപതക്കച്ചേരി

## *C.29/2021* **കൃതജ്ഞത**

നാമഹേതുക തിരുനാളിനോടനുബന്ധിച്ച് തിരുനാൾ ആശംസകൾ നേരുകയും പ്രാർത്ഥിക്കുകയും ചെയ്ത എല്ലാവർക്കും ഹൃദയപൂർവം നന്ദി പറയുന്നു.

*Bishop*

## *C.30/2021* **ജപമാല പ്രാർത്ഥന**

രൂക്ഷമായിക്കൊണ്ടിരിക്കുന്ന കോവിഡ് മഹാമാരിയുടെ ആക്രമണത്തെ അതിജീവിക്കുന്നതിനായി പരിശുദ്ധ ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ച ജപമാല പ്രാർത്ഥന മാസം മെയ് 1 മുതൽ 31 വരെ നമ്മുടെ രൂപതയിലും ആചരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു.

*Bishop*

## *C. 31/2021* **ഹെവ്പ്പദ്യാക്ക്ന - കാറോയ - വൈദികവസ്ത്ര സ്വീകരണം**

2021 മെയ് 12-ാം തീയതി ബുധനാഴ്ച രാവിലെ കോതമംഗലം മൈനർ സെമിനാരിയിൽ വച്ച് മൂലയിൽ ആൻഡ്രൂസ്-കലയന്താനി, എടാട്ട് മാത്യു-മുതലക്കോടം, മരുതാമലയിൽ ആന്റണി-പൈങ്ങോട്ടൂർ, വാലംപാറയ്ക്കൽ പോൾ-ആയവന എന്നിവർ ഹെവ്പ്പദ്യാക്ക്ന പട്ടവും കണ്ണാടൻ വർഗീസ്-കുത്തുങ്കൽ, മക്കോളിൽ തോമസ്-വാഴക്കുളം, മാമ്മൂട്ടിൽ ജോർജ്-ചിലവ്, നിരപ്പേൽ അഗസ്റ്റിൻ-ആനിക്കാട്, പാലയ്ക്കാമറ്റത്തിൽ ജോർജ്-തൊമ്മൻകുത്ത്, പരയ്ക്കനാൽ ജെയിംസ്- വണ്ണപ്പുറം എന്നിവർ കാറോയ പട്ടവും കാരക്കുന്നേൽ ജോസഫ്-നാടുകാണി, കുഞ്ചിറക്കാട്ട് ജോസഫ്-തൊടുപുഴ ഈസ്റ്റ്, മാതേയ്ക്കൽ ജോർജ്-ഇഞ്ചത്തൊട്ടി എന്നിവർ വൈദികവസ്ത്രവും സ്വീകരിക്കുന്നു. ഇവരെ നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം.

*Syncellus*

## *C. 32/2021* **2020-21 സാമ്പത്തിക വർഷത്തെ കണക്കുകളുടെ ഓഡിറ്റിംഗ്**

കഴിഞ്ഞ ദൈവരാജ്യത്തിൽ അറിയിച്ചിരുന്നതുപോലെ മെയ് മാസം 11, 12 തീയതികളിൽ ഓഡിറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. ഓഡിറ്റിംഗിനായി കണക്കുകൾ പൂർത്തീകരിച്ചിട്ടുള്ള പള്ളികൾ മെയ് 5-ന് മുമ്പായി രൂപതാ അക്കൗണ്ട് ഓഫീസിൽ താഴെ കാണുന്ന നമ്പറുകളിൽ അറിയിക്കേണ്ടതാണ്. 9495046386 (ജോർജ്ജ്), 8547266775 (ഫാ. ജോസഫ് വള്ളോംകുന്നേൽ)

ഓഡിറ്റിംഗ് തീയതിയും സമയവും രൂപതാകേന്ദ്രത്തിൽനിന്നും അറിയിക്കുന്നതാണ്. അതനുസരിച്ച് ബഹു. വികാരിയച്ചനും നടത്തുകൈക്കാരനും അക്കൗണ്ടന്റും താഴെ പറയുന്ന രേഖകൾ സഹിതം ഓഡിറ്റിംഗിനായി വരേണ്ടതാണ്.

1. നാൾവഴി (Cash Book - Bound Computer Copy)
2. പേരേട് (Ledger - Bound Computer Copy)
3. ട്രയൽ ബാലൻസ് (Trial Balance - Bound Computer Copy)
4. 2020 - 2021 ലെ ബിൽസ് & വൗച്ചേഴ്സ് (Bills & Vouchers)
5. സ്ഥിരനിക്ഷേപ രസീതുകളുടെ കോപ്പി (കാലാവധി കഴിഞ്ഞതാണെങ്കിൽ പുതുക്കിയത്)
6. ബാങ്കിലെ SB നിക്ഷേപങ്ങളുടെ ബാലൻസ് കൺഫർമേഷൻ സർട്ടിഫിക്കറ്റ് (മാർച്ച് 31 പ്രകാരം, മാനേജർ സാക്ഷ്യപ്പെടുത്തിയത്)
7. 2019-2020 ലെ ഓഡിറ്റ് സ്റ്റേറ്റ്മെന്റുകളുടെ കോപ്പി

**തിരട്ട് രൂപതാകേന്ദ്രത്തിൽ നൽകുമ്പോൾ ഹാജരാക്കേണ്ടവ**

1. തിരട്ട് ബുക്ക് (Thirattu Book)
2. നാൾവഴി (Cash Book - Bound Computer Copy)
3. പേരേട് (Ledger - Bound Computer Copy)
4. ട്രയൽ ബാലൻസ് (Trial Balance)
5. റസീപ്റ്റ്സ് & പേമെന്റ്സ് അക്കൗണ്ട് (Receipts and Payments A/c)
6. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചുവെങ്കിൽ അത് (Audit Report)

7. 2020-21-ലെ കണക്ക് കംപ്യൂട്ടറിൽ ചെയ്ത പ്രോഗ്രാമിന്റെ ഒരു കോപ്പി frprocuratorklm@gmail.com എന്ന mail id -യിലേക്ക് അയച്ചു തരേണ്ടതാണ്. ('master.mdb' file)

**NB**: 1. ആത്മകാര്യം ഉള്ള പള്ളികൾ ടി ഇനം തിരട്ട് ഹാജരാക്കേണ്ട താണ്.

2. ഓഡിറ്റിംഗിനു ശേഷമാണ് കണക്കുകൾ ഹാജരാക്കേണ്ടത്.

3. തിരട്ട് തയ്യാറാക്കുമ്പോൾ പൊതുയോഗ തീരുമാനം, പുതിയ കൈ ക്കാരന്മാരുടെ പേര്, തിരട്ടിനം നൽകിയ തുക, നടപ്പു സാമ്പത്തിക വർഷത്തെ (2020-21) കണക്കുകൾ പൊതുയോഗത്തിൽ അവതരി പ്പിച്ച് പാസാക്കിയത് etc. ചേർത്തിരിക്കേണ്ടതും തിരട്ടിന്റെ അവ സാനഭാഗത്ത് ബഹു. വികാരിയും കൈക്കാരന്മാരും പൊതുയോ ഗാംഗങ്ങളും പേരെഴുതി ഒപ്പ്വയ്ക്കേണ്ടതുമാണ്.

4. Computer generated monthly income and balance, Receipts and Payment, Trial balance, Bank A/c details എന്നിവ തിരട്ടുബുക്കിൽ ക്രമമായി ഒട്ടിക്കേണ്ടതാണ്.

5. തിരട്ടു ബുക്കിൽ പള്ളിക്കു വരുവാനുള്ളത്, പള്ളിയിൽനിന്ന് കൊടുക്കാനുള്ളത് എന്നീ കോളങ്ങൾ പൂരിപ്പിക്കേണ്ടതാണ്.

NB: Helpline: Account Office (Baby : 9447773176)

Kappen's Office: 04862 224416, 04862 227088

*Procurator*

## *JS. 3/2021* ജൂബിലി സ്മാരക സ്കോളർഷിപ്പ്

2021 മെയ് 8-ാം തീയതി നടത്തുവാൻ നിശ്ചയിച്ചിരുന്ന മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പ് പരീക്ഷ **ജൂലൈ 10-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽ** വച്ച് നടത്തുവാൻ ഉദ്ദേശിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് ഇതിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്.

*Chancellor*

## *Pr.C. 4/2021* Report of the Presbyteral Council held on Tuesday, April 13, 2021

An ordinary meeting of the Presbyteral Council was held on Tuesday 13th April 2021 at the Bishop's House. His Excellency Mar George Madathikandathil presided over the meeting which began with a prayer at 10.00 am and thirty members were present. The Syncellus, Mgr. Francis Keerampara extended a warm welcome to all the participants and the secretary, Rev. Fr. Jose Pulloppillil, presented the report of the previous meeting. Then the president gave the introductory talk and informed the members that during this year of St Joseph three of our churches are declared as St. Joseph Pilgrim Centers, and during the year of *Amoris Laetitia Family* one church is declared as Holy Family Pilgrim Center. He also commended the priests of our diocese for their active ministry and pastoral care during this Covid pandemic period.

Mgr. Cherian Kanjirakompil monitored the discussions that followed and the first topic was pastoral care in this year of St. Joseph and the year of *Amoris Laetitia Family*. The observations suggested that our pastoral concern must also lead us to the poor and the marginalized in our society. Families not having proper dwelling places and persons affected by serious illness and unemployment are real challenges before us. Those who are willing to donate land for the poor must be encouraged. There may be some mechanisms to inform our people regarding government aids and reservations. For this purpose the help of the retired hands in our parishes may be utilized.

Then the bishop asked the opinion of the Council regarding the formation of two more new Foranes from the present Kothamangalam Forane and the members unanimously agreed to declare the new Foranes - Kuruppampady and Velielchal. Many opined that the newly proposed *Nirmala Civil Service Academy* may be reserved for Catholics only or

at least the scholarships must be only for the Catholics. As per the proposal of the previous council some seminarians will be sent for mission experience to Odissa and Telungana during their regency period. *Santhisadan Trust* at Avolichal is arranged to be registered as a Trust in our diocese in view of handing over the *Santhisadan Ashram* for future management. A Director and an Administrator are proposed to be appointed there for the smooth functioning of the institution.

Next topic for discussion was the inability of paying the revised salary scale to the sacristans by some small parishes. Amidst all privations we need to try to pay a reasonable salary to the sacristans. The council formed a committee comprising of Rev. Fathers Mathew Konickal, Thomas Pothanamuzhy and Jose Pulloppillil to study on the present system of salary and increment and propose amendments. Regarding the pollution problem from the Tar-mixing plant at Puliyanpara, many suggested to look into the issue and take necessary steps to resolve the matter in a peaceful manner. Another topic of discussion was on new roads through the Church property. All agreed that no new roads to any church or through the church property may be constructed without prior permission from the Diocesan Curia. The council members also expressed their anxiety on the so-called Muslim invasion in all realms of human life including minority scholarships and reservations, and the issue of *Love-jihad* in our present society. The presentation of Islamic Religion in the Sunday Catechism text of the 12$^{th}$ standard is very confusing and is to be corrected. Again the diminishing birth rate in Christian families is a growing problem that must be addressed.

The Procurator, Rev. Fr. Jose Kuzhikannyil, said that the construction work of the Priest Home Annex at Vazhappilly is in the final stage and will be ready to function by the end of May 2021. One of the members suggested that a facility may be made at the NESTT pastoral center for the temporary accommodation of those who come on leave during their work or study or after treatment.

Finally, Rev. Fr. Sebastian Pothanamuzhy extended warm festal greetings to Mar George Madathikandathil and all the Georges and proposed the vote of thanks. The meeting came to an end by 1.00 pm.

*Secretary*

*PC. 5/2021* **പാസ്റ്ററൽ കൗൺസിൽ, 17 ഏപ്രിൽ 2021**

പുതുതായി രൂപീകരിക്കപ്പെട്ട പാസ്റ്ററൽ കൗൺസിലിന്റെ പ്രഥമ സമ്മേളനം 2021 ഏപ്രിൽ 17-ന് NESTT -ൽ വച്ച് നടത്തുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ online ആയിട്ടാണ് നടത്തിയത്. 10 മണിക്ക് റവ. ഡോ. മാനുവൽ പിച്ചളക്കാട്ടിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിന് വികാരി ജനറാൾ ഫാ. ഫ്രാൻസീസ് കീരംപാറ സ്വാഗതം ആശംസിച്ചു. സെക്രട്ടറി റവ. ഫാ. ജോസ് പുല്ലോപ്പിള്ളിൽ മുൻയോഗറിപ്പോർട്ട് വായിച്ചു. തുടർന്ന് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് തന്റെ ആമുഖസന്ദേശത്തിൽ നമ്മുടെ വിശ്വാസം ജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് സംസാരിച്ചു. തായ്ത്തണ്ടിനോട് ചേർന്ന് നില്ക്കാത്ത ശാഖകൾക്ക് ഫലം പുറപ്പെടുവിക്കുവാൻ കഴിയുകയില്ല. അതിനാൽ നാം യേശുവിനോടും സഭയോടും ചേർന്നു നിൽക്കേണ്ടതുണ്ട്. രൂപതാദ്ധ്യക്ഷനുമായി അല്മായരും സമർപ്പിതരും ആശയവിനിമയം നടത്തണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ആഹ്വാനം ചെയ്യുന്നുണ്ട്. കോവിഡ് പകർച്ചവ്യാധിയുടെ പശ്ചാത്തലത്തിൽ പുതിയ അജപാലന സാധ്യതകളെക്കുറിച്ച് ചർച്ചചെയ്യപ്പെടണം. ദൈവകരുണയിൽ ആശ്രയിക്കുക മാത്രമാണ് കരണീയമായിട്ടുള്ളത്. തുടർന്ന് സെക്രട്ടറി എല്ലാ മെമ്പേഴ്സിന്റെയും പേരുകൾ വായിച്ച് പരിചയപ്പെടുത്തി.

റവ. ഡോ. മാത്യു കൊച്ചുപുരയ്ക്കൽ പാസ്റ്ററൽ കൗൺസിലിന്റെ കടമകളും അവകാശങ്ങളും എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് എടുത്തു. രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശമനുസരിച്ച് ഇങ്ങനെ ഒരു കൗൺസിൽ രൂപീകരിക്കുക എന്നത് മെത്രാൻമാരുടെ കടമയാണ്. ഇതിലെ അംഗങ്ങൾ വിശുദ്ധിയിലും വിവേകത്തിലും വളർച്ച പ്രാപിച്ചവരാകണമെന്ന് പൗരസ്ത്യ കാനൻ നിയമം (CCEO 272-275) പറയുന്നു. മാർപാപ്പയുടെയും മെത്രാന്റെയും പൊതുവായ നിർദ്ദേശങ്ങൾ ജനങ്ങളിലേക്കും അവരുടെ ആവശ്യങ്ങൾ സഭാധികാരികളിലേക്കും

എത്തിക്കേണ്ടവരാണ് കൗൺസിൽ അംഗങ്ങൾ. കൗൺസിൽ യോഗത്തിൽ മുൻകൂട്ടി അജണ്ട തീരുമാനിച്ച് ഒരുങ്ങിവരേണ്ടതാണ്. ഒരിക്കലും പകരക്കാരെ അയയ്ക്കരുത്. പാസ്റ്ററൽ കൗൺസിൽ അംഗം ഇടവകയിലെ പാരിഷ് കൗൺസിൽ അംഗം കൂടിയായിരിക്കുന്നതിനാൽ ഇടവക പ്രവർത്തനങ്ങളിലും സജീവമാകണം.

മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ നേതൃത്വം കൊടുത്ത ചർച്ചയിൽ രൂപതയിലെ കുടുംബങ്ങളെ യൗസേപ്പിതാവിന്റെ മാദ്ധ്യസ്ഥ്യത്തിന് സമർപ്പിക്കണമെന്നും എല്ലാ ഇടവകകളിലും പിതൃവേദി സ്ഥാപിക്കപ്പെടണമെന്നും നിർദ്ദേശമുണ്ടായി. കുട്ടികളിൽ യൗസേപ്പിതാവിനോടുള്ള ഭക്തി വളർത്തുന്നതിന് ക്ലാസ്സുകൾ ക്രമീകരിക്കുന്നത് നല്ലതാണ്. നൊവേന, വണക്കമാസം എന്നിവ പ്രോത്സാഹിപ്പിക്കപ്പെടണം. ഭവനരഹിതരെ സഹായിക്കുകയും രോഗികളെ സഹായിക്കുവാനായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്യുക. വി. യൗസേപ്പിതാവിന്റെ രൂപം വഹിച്ചുള്ള പ്രയാണം നടത്തുകയും ഇടവകകളിൽ കുടുംബകൂട്ടായ്മ പ്രാർത്ഥന ശക്തമാക്കുകയും ചെയ്യുക എന്നും നിർദ്ദേശമുണ്ടായി. നിർമ്മല സിവിൽ സർവീസ് അക്കാദമിയെക്കുറിച്ചും മിഷനറി ആഭിമുഖ്യത്തിനായി റീജൻസി ബ്രദേഴ്സിനെ അദിലാബാദ്, ഷംഷാബാദ് രൂപതകളിലേക്ക് അയയ്ക്കുന്നതിനെക്കുറിച്ചും, കോതമംഗലം ഫൊറോന വിഭജിച്ച് കുറുപ്പംപടി, വെളിയേൽച്ചാൽ എന്നീ പുതിയ ഫൊറോനകൾ രൂപീകരിക്കുന്നതിനെക്കുറിച്ചും അഭിവന്ദ്യ പിതാവ് അറിയിച്ചു. EWS, Miniority Scholarship തുടങ്ങിയ മേഖലകളിലുള്ള മുസ്ലീം അധിനിവേശത്തെക്കുറിച്ചും നമ്മുടെ കുട്ടികൾ മറ്റ് മതങ്ങളിലേക്ക് പോകുന്നതിനെക്കുറിച്ചും അംഗങ്ങൾ ആശങ്ക രേഖപ്പെടുത്തി. നമ്മുടെ കുട്ടികളെ മതകാര്യങ്ങളിൽ താല്പര്യമുള്ളവരും ധാർമ്മികമൂല്യമുള്ളവരുമായി വളർത്തുക ഇന്നത്തെ വലിയ ആവശ്യമാണ്.

അഭിവന്ദ്യപിതാക്കന്മാർക്ക് നാമഹേതുകതിരുനാൾ മംഗളങ്ങൾ ആശംസിച്ചുകൊണ്ട് നിർമ്മല കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി. തോമസ് സംസാരിച്ചു. രൂപത PRO ശ്രീ. ജോർജ് കേളകം എല്ലാവർക്കും നന്ദി പറഞ്ഞു. 111 പേർ പങ്കെടുത്ത യോഗം 12 മണിയോടെ അവസാനിച്ചു.

*Secretary*

# മൈനർ സെമിനാരി

*MS. 11/2021* **പ്രാർത്ഥനകൾ അഭിനന്ദനങ്ങൾ**

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന തെന്നത്തൂർ ഇടവക കല്ലറയ്ക്കൽ ജെയിംസ്, കുട്ടമ്പുഴ ഇടവക കുന്നുംപുറത്ത് ജോസ്, പള്ളിക്കാമുറി ഇടവക കുരീക്കാട്ടിൽ കുര്യൻ, ഉടുമ്പന്നൂർ ഇടവക മഞ്ഞക്കടമ്പിൽ കുര്യാക്കോസ്, പന്നിമറ്റം ഇടവക കണയാങ്കൽ ജോൺ, കരിമണ്ണൂർ ഇടവക രാമനാട്ട് മാത്യു, തൊടുപുഴ ഇടവക വെട്ടിക്കുഴിച്ചാലിൽ ജോസഫ്, ബത്ലേഹം ഇടവക മെതിപ്പാറ സ്കറിയ, കോട്ടപ്പടി ഇടവക ചേറ്റൂർ കുര്യൻ എന്നിവർ 2021 ഏപ്രിൽ 26-ാം തീയതി രാവിലെ 9.30-ന് മൈനർ സെമിനാരിയിൽ വച്ച് മ്ശംശാന പട്ടം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും സ്വീകരിച്ചു. ഡീക്കന്മാർക്ക് മാതൃഭവനത്തിന്റെ പ്രാർത്ഥനാശംസകൾ.

*MS 12/2021* **വൊക്കേഷൻ ക്യാമ്പ്**

രൂപതാ മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്ന SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരി വിദ്യാഭ്യാസ യോഗ്യതയുള്ളവരുമായ കുട്ടികൾ ബഹു. വികാരിയച്ചന്മാരുടെ നിർദ്ദേശാനുസരണം രൂപതാ വൊക്കേഷൻ പ്രമോട്ടറുമായി (ഫാ. ആന്റണി വിളയപ്പിള്ളിൽ - Ph. 8078823782) ബന്ധപ്പെടുമല്ലോ.

*MS 13 /2021* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Francis Kavumpuram in memory of Bro. Jose Kavumpuram | ₹ | 2,000 |
| 2 | K.M. George & Rosamma George Karimbadakuzhiyil, Marika | ₹ | 10,000 |
| 3 | One Benefactor | ₹ | 25,000 |
| 4 | One Benefactor | ₹ | 5,000 |
| 5 | George Xavier Puthenpurayil, Vazhakulam | ₹ | 25,000 |
| 6 | Very Rev. Fr. Joseph Mulanjanany | ₹ | 10,000 |
| 7 | One Benefactor | ₹ | 20,000 |

| | | | |
|---|---|---|---|
| 8 | One Benefactor | ₹ | 25,000 |
| 9 | MSJ Provincial House | ₹ | 50,000 |

*Rector*

# വിജ്ഞാനഭവൻ

*V. 20/2021* **നന്ദി**

നമ്മുടെ വിശ്വാസപരിശീലനത്തിന്റെ ഒരു വർഷം അവസാനിക്കുകയാണ്. ഒത്തിരി നന്ദി പറയാനുണ്ട് നമുക്ക്. വളരെയേറെ ആശങ്കകളോടെയാണ് നാം ഈ വർഷം ആരംഭിച്ചത്. പക്ഷെ എത്ര അത്ഭുതകരമായി, മനോഹരമായി ദൈവം നമ്മെ കൈപിടിച്ചു നടത്തി അല്ലെ. ഒരു പക്ഷെ മറ്റു വർഷങ്ങളെക്കാളൊക്കെ ഭംഗിയായും സജീവമായും നമ്മുടെ Catechism ക്ലാസുകൾ നടന്നു. ദൈവത്തിന് നന്ദി.

ബഹുമാനപ്പെട്ട വികാരിയച്ചന്മാരോടും കൊച്ചച്ചന്മാരോടും എല്ലാ വിശ്വാസപരിശീലകരോടും ഒത്തിരിയേറെ കടപ്പാടുണ്ട്. ഏറെ നന്ദി. നിങ്ങളുടെ അത്യാധ്വാനത്തിനും, സഹകരണത്തിനും, നല്ല പ്രതികരണങ്ങൾക്കും, സ്നേഹത്തിനും രൂപത മുഴുവനും, സഭയും കടപ്പെട്ടിരിക്കുന്നു. ഈ പരീക്ഷണകാലത്തു നമ്മുടെ കുഞ്ഞുങ്ങളെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തിയതിനും വളർത്തിയതിനും THANK YOU VERY MUCH

രണ്ടാം സെമസ്റ്ററിലെ online ക്ലാസുകൾ തയ്യാറാക്കി തന്നത് പള്ളിക്കാമുറി, മൂവാറ്റുപുഴ, തൊടുപുഴ ഈസ്റ്റ്, കോതമംഗലം, വടാട്ടുപാറ, ആലക്കോട്, രണ്ടാർ, കദളിക്കാട്, ചാലാശ്ശേരി, നെടിയശാല, മാലിപ്പാറ, പെരുമ്പള്ളിച്ചിറ എന്നീ സൺഡേ സ്കൂളുകളാണ്. അവിടങ്ങളിലെ ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും, കൊച്ചച്ചന്മാർക്കും, അധ്യാപകർക്കും പ്രത്യേകം നന്ദി. ക്ലാസ്സുകൾ യൂട്യൂബിൽ upload ചെയ്യാൻ സഹായിച്ചത് ആലക്കോട് ഇടവകാംഗമായ ടോണിച്ചൻ മനയാനിക്കലാണ്. അദ്ദേഹത്തിനും ഏറെ നന്ദി. ഈ വർഷം മുഴുവൻ Catechism ക്ലാസ്സുകൾ സംപ്രേഷണം ചെയ്ത Carlo TV -യ്ക്കും ബഹുമാനപ്പെട്ട ജയിംസ് മുണ്ടോളിക്കൽ അച്ചനും പ്രത്യേകം നന്ദി.

*V. 21/2021* **2021–22 അധ്യയനവർഷം**

കോവിഡ് 19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ അടുത്ത അധ്യയനവർഷവും സാധാരണരീതിയിൽ ജൂൺ മാസം തന്നെ നമ്മുടെ വിശ്വാസപരിശീലനക്ലാസ്സുകൾ ആരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നില്ല. സാധാരണക്ലാസ്സുകൾ തുടങ്ങാൻ സാധിക്കുന്നതുവരെയും ഓൺലൈൻ ക്ലാസ്സുകൾ തന്നെ തുടരേണ്ടിവരും. സീറോ മലബാർ ക്യാറ്റിക്കിസം കമ്മീഷന്റെ ആലോചനപ്രകാരം നമ്മുടെ എല്ലാ രൂപതകൾക്കുമായി പൊതുവായ ക്ലാസ്സുകളായിരിക്കും ഈ വർഷം തയ്യാറാക്കി നൽകുന്നത്. ക്ലാസ്സുകൾ Shalom TV, Goodness TV, Shekinah TV എന്നിവയിലൂടെ സംപ്രേഷണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. മറ്റു വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*V. 22/2021* **SAY EXAM- X, XII**

**രജിസ്ട്രേഷൻ : 2021 മെയ് 3 മുതൽ 10 വരെ.**

**പരീക്ഷ : മെയ് 16 ഞായർ**

സമയം : 11.00 am - 01.00 pm

**റിസൽട്ട്, സർട്ടിഫിക്കറ്റ് ബുക്ക് വിതരണം : മെയ് 24**

1-9, 11 ക്ലാസ്സുകളിലെ SAY EXAM അതാത് ഇടവകകളിൽ ചോദ്യപേപ്പർ തയ്യാറാക്കി നടത്തേണ്ടതാണ്.

*V. 23/2021* **സ്കോളർഷിപ്പ് പരീക്ഷ**

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 4, 7, 10 ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷ ഇത്തവണ ഉണ്ടായിരിക്കുന്നതല്ല.

*V. 24/2021* **സൺഡേ സ്കൂൾ HM, അദ്ധ്യാപകരുടെ എണ്ണം**

കഴിഞ്ഞ വർഷത്തെ സൺഡേ സ്കൂൾ HM ആരെങ്കിലും മാറുന്നുണ്ടെങ്കിൽ പുതിയ HM ന്റെ പേരും ഫോൺ നമ്പറും അദ്ധ്യാപകരുടെ എണ്ണവും വിജ്ഞാനഭവൻ ഓഫീസിൽ മെയ് 20 -ന് മുമ്പ് അറിയിക്കേണ്ടതാണ്.

*V. 25/2021* **വിശുദ്ധരുടെ പുസ്തകം**

I മുതൽ XII വരെ ക്ലാസ്സുകളിലേക്കുള്ള ഉപപാഠപുസ്തകമായി വിശുദ്ധരുടെ ജീവചരിത്രം 2021-2022 അദ്ധ്യയനവർഷത്തിൽ ഉണ്ടായി

രിക്കുന്നതാണ്. എല്ലാ കുട്ടികൾക്കും ഉപപാഠപുസ്തകം ഉണ്ടെന്ന് അദ്ധ്യാപകർ ഉറപ്പു വരുത്തേണ്ടതാണ്.

*V. 26/2021* **SCC, HCC Result**

മെയ് 3-ാം തീയതി റിസൽട്ട് പ്രഖ്യാപിക്കുന്നതാണ്. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 3 മുതൽ മെയ് 20 വരെ. **പുസ്തകം വാങ്ങാൻ വരുമ്പോൾ ബുക്ക് സീൽ ചെയ്യുവാനായിട്ട് കൊണ്ടുവരരുത്.**

*V. 27/2021* **സൺഡേസ്കൂൾ പുസ്തകങ്ങൾ**

സൺഡേസ്കൂൾ പുസ്തകങ്ങളുടെ വിതരണം മെയ് 20-ാം തീയതി തുടങ്ങുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. പുസ്തകം എത്തി എന്ന് ഉറപ്പുവരുത്തിയതിനുശേഷം വരുക.

*V. 28/2021* **വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ**

കുർബാനപ്പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേസ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

---

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 11/2021* **പരീക്ഷയും ഇന്റർവ്യൂവും മാറ്റിവച്ചു**

കോതമംഗലം രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ അദ്ധ്യാപക തസ്തികയിലേക്ക് 2021 മെയ് 5-ന് നടത്താൻ ഉദ്ദേശിച്ചിരുന്ന പരീക്ഷയും തുടർന്നുള്ള ഇൻർവ്യൂവും നിലവിലെ പ്രത്യേക സാഹചര്യത്തിൽ മറ്റൊരു ദിവസത്തേക്ക് മാറ്റിവച്ചിരിക്കുന്നു. തീയതി പിന്നീട് അറിയിക്കുന്നതാണ്.

*Edn.12/2021* **Staff Statement as on 1-06-2021**

സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പൂരിപ്പിക്കുമ്പോൾ താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

എല്ലാ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും പേര്, അഡ്രസ്സ്, ജനനത്തീയതി, വിരമിക്കൽ തീയതി, തുടർച്ചയായ സർവ്വീസിൽ പ്രവേശിച്ച തീയതി, മൊബൈൽ നമ്പർ, വിഷയത്തിന്റെ പേരോടുകൂടിയ യോഗ്യത തുടങ്ങിയ കാര്യങ്ങൾ തെറ്റുകൂടാതെ അതാതു കോളത്തിൽ എഴുതണം. A4 കടലാസ്സിൽ വിവരങ്ങൾ വായിച്ചെടുക്കാവുന്ന വലുപ്പത്തിൽ 2 കോപ്പി തരണം. രൂപത ഓഫീസിൽ എത്തിക്കേണ്ട അവസാനത്തീയതി 2021 മെയ് 25, 5.00 p.m.

*Edn.13/2021* **അദ്ധ്യാപക-അനദ്ധ്യാപക സംഗമം**

2021 മെയ് മാസം 8-ാം തീയതി നടത്തുമെന്ന് അറിയിച്ചിരുന്ന അദ്ധ്യാപക-അനദ്ധ്യാപക സംഗമം പ്രത്യേക സാഹചര്യത്തിൽ പിന്നീട് ഒരിക്കൽ നടത്തുന്നതായിരിക്കും.

*Secretary*

# സോഷ്യൽ സർവീസ്

*SS. 17/2021* **ജീവ ലബോറട്ടറി വെഞ്ചരിച്ചു**

കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ പുതിയ സംരംഭമായ ജീവ മെഡിക്കൽ ലബോറട്ടറി 2021 ഏപ്രിൽ 15-ന് അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ വെഞ്ചരിച്ചു. മൂവാറ്റുപുഴ ജീവ മെഡിക്കൽസിന് എതിർവശത്തായാണ് ലബോറട്ടറി ആരംഭിച്ചിരിക്കുന്നത്. വികാരി ജനറാൾ മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ ലാബിലെ മെഷീനുകളുടെ സ്വിച്ച് ഓൺ കർമ്മം നിർവഹിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവിന്റെ അധ്യക്ഷതയിൽ ഹാളിൽ നടന്ന പൊതുസമ്മേളനം ഇടുക്കി എം.പി. അഡ്വ. ഡീൻ കുര്യാക്കോസ് ഉദ്ഘാടനം ചെയ്തു. മൂവാറ്റുപുഴ എം.എൽ.എ. ശ്രീ. എൽദോ എബ്രാഹം മുഖ്യപ്രഭാഷണവും, മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ അനുഗ്രഹപ്രഭാഷണവും നടത്തി. മൂവാറ്റുപുഴ മുനിസിപ്പൽ ചെയർമാൻ ശ്രീ. പി. പി. എൽദോസ്, സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. തോമസ് ജെ. പറയിടം, മൂവാറ്റുപുഴ ഹോളി മാഗി പള്ളി വികാരി റവ. ഫാ. ജോസഫ് മുളഞ്ഞനാനി, പ്രോഗ്രാം കോ-ഓർഡിനേ

റ്റർ ജോൺസൺ കറുകപ്പിള്ളിൽ എന്നിവർ പ്രസംഗിച്ചു. മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ശ്രീമതി സിനി ബിജു പൂനാട്ട്, വാർഡ് കൗൺസിലർ ശ്രീമതി ജോയ്സ് മേരി ആന്റണി, ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീ. ജോജോ ജോർജ്, വിവിധ ഇടവകകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമുള്ള വൈദികർ, ഇടവക പ്രതിനിധികൾ, ഭക്തസംഘടനാ ഭാരവാഹികൾ മറ്റ് അഭ്യുദയകാംക്ഷികൾ എന്നിവർ പങ്കെടുത്തു.

### *SS. 18/2021* ലാബ് കളക്ഷൻ സെന്ററുകൾ

നമ്മുടെ സൗകര്യപ്രദമായ ഇടവകകളിൽ ലാബ് കളക്ഷൻ സെന്ററുകൾ തുടങ്ങുന്നത് ഇടവകാംഗങ്ങൾക്കും മറ്റുള്ളവർക്കും വളരെ ഉപകാരമായിരിക്കും. ഒരു ലാബ് ടെക്നീഷ്യനോ നേഴ്സിനോ ജോലി സാധ്യത ഒരുക്കാനും സാധിക്കും. പള്ളിയോടു ചേർന്നോ, ടൗണിലോ മുറിസൗകര്യം ക്രമീകരിച്ചാൽ മതിയാവും. മെഷിനറി വാങ്ങേണ്ടതില്ല. കമ്പ്യൂട്ടറും പ്രിന്ററും മാത്രം മതി. രക്തം സാമ്പിൾ എടുത്ത് ജീവ മെഡിക്കൽ ലബോറട്ടറിയിൽ എത്തിച്ച് പരിശോധന നടത്തുവാനും ഈ-മെയിൽ വഴി റിസൽട്ട് അതാത് കളക്ഷൻ സെന്ററുകളിലേക്ക് ലഭിക്കുവാനും ക്രമീകരണം ചെയ്താൽ മതി.

### *SS. 19/2021* ജീവ ലബോറട്ടറിയുമായി ബന്ധപ്പെടുവാൻ

ജീവ ലബോറട്ടറിയുടെ ഓഫീസ് നമ്പർ : 8089774410

(Whatsapp നമ്പറും ഇതുതന്നെയാണ്.)

E-mail : jeevalabmvpa@gmail.com

**പ്രവർത്തന സമയം : 6.00 am - 4.00 pm**

ജീവ ലബോറട്ടറിയിൽ രക്ത പരിശോധന നടത്തുന്നവർക്ക് റിസൽട്ട് E-mail, Whatsapp എന്നിവ വഴി വേണമെങ്കിൽ രജിസ്ട്രേഷൻ ഫോമിൽ ഇതിനായുള്ള കോളം പൂരിപ്പിച്ചാൽ ഈ സൗകര്യം ലഭിക്കുന്നതാണ്.

*Director*

## ചെറുപുഷ്പ മിഷൻലീഗ്

*CML 24/2021* **ഇടവകയ്ക്ക് ഒരു ബൈബിൾ**

കോതമംഗലം രൂപതയിലാകെ തരംഗമായിക്കഴിഞ്ഞ 'ഇടവകയ്ക്ക് ഒരു ബൈബിൾ' എന്ന ബൈബിൾ കയ്യെഴുത്തുപ്രതി നിർമ്മാണം ഇതിനോടകം 78 ശാഖകൾ പൂർത്തീകരിച്ചുകഴിഞ്ഞു. ബൈബിൾ കയ്യെഴുത്തുപ്രതി പ്രകാശനം നടത്തിയ കുളപ്പുറം, മുള്ളരിങ്ങാട് ശാഖകൾക്ക് അഭിനന്ദനങ്ങൾ.

*Director*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 6/2021* **ഫൊറോന നേതൃസംഗമങ്ങൾ**

കുടുംബവർഷത്തോടനുബന്ധിച്ച് ഫാമിലി അപ്പോസ്റ്റലേറ്റ്, തൊടുപുഴ, മാറിക, ഊന്നുകൽ, പൈങ്ങോട്ടൂർ, മൂവാറ്റുപുഴ, കരിമണ്ണൂർ നേതൃസംഗമങ്ങൾ നടത്തപ്പെട്ടു. കുടുംബവർഷത്തോടനുബന്ധിച്ച് ഫൊറോനതലത്തിൽ നടത്തേണ്ട പ്രവർത്തന പദ്ധതികൾക്ക് രൂപം നൽകി. ഓരോ ഫൊറോനയിലും പ്രേഷിത തീക്ഷ്ണതയുള്ള "ഗ്രേയ്സ് കപ്പിൾസ്" (Grace couples) പ്രവർത്തനം ആരംഭിക്കാനും തീരുമാനിച്ചു. കോവിഡ്-19 വ്യാപനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മറ്റു 6 ഫൊറോനകളിലെ നേതൃസംഗമങ്ങൾ മെയ് 30-ന് മുമ്പായി online-ൽ ചേരുന്നതാണ്.

*FA 7/2021* **കുടുംബവർഷാചരണം**

കുടുംബവർഷാചരണത്തിന്റെ രൂപതാതല ഉദ്ഘാടനം പൈങ്ങോട്ടൂർ സെന്റ് ആന്റണീസ് ഇടവക ദൈവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. ഫൊറോന വികാരി റവ. ഫാ. ജോസ് മോനിപ്പിള്ളി, അസി. വികാരി റവ. ഫാ. മാത്യു തറപ്പിൽ, റവ. ഫാ. ജിനോ ഇഞ്ചപ്ലാക്കൽ, ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത്

എന്നിവർ പ്രസംഗിച്ചു. ഫാമിലി അപ്പോസ്റ്റലേറ്റ് ഇടവക സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു വർഷത്തെ കർമ്മപരിപാടി തയ്യാറാക്കി. കുടുംബപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും തീരുമാനിച്ചു.

*Director*

---

# പിതൃവേദി

*PV 2/2021* **ഭരണസമിതി യോഗം**

കോതമംഗലം രൂപത പിതൃവേദിയുടെ ഭരണസമിതി യോഗം രൂപതാ ആസ്ഥാനത്ത് വച്ച് രക്ഷാധികാരി അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ 12-04-2021 തിങ്കളാഴ്ച വൈകിട്ട് 5.30-ന് കൂടുകയുണ്ടായി. ഡയറക്ടർ ബഹു. സെബാസ്റ്റ്യൻ വലിയതാഴത്ത് അച്ചൻ സ്വാഗതം ആശംസിച്ചു. തുടർന്ന് അഭിവന്ദ്യ പിതാവ് പിതൃവേദി എല്ലാ ഇടവകയിലും തുടങ്ങേണ്ടതിന്റെ ആവശ്യകതയേപ്പറ്റി സംസാരിച്ചു.

അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് മിഷനെപ്പറ്റി ക്ലാസ്സ് എടുത്തതും ഒറീസ്സാ മിഷനിലെ റവ. ഫാ. ജോസ് ചെരിയമ്പനാട്ട് ഗൂഗിൾ മീറ്റ് വഴി മിഷൻ അനുഭവങ്ങൾ പങ്കുവച്ചതും കാണ്ടമാലിലെ പാവപ്പെട്ട കുട്ടികൾക്ക് ഉപയോഗം കഴിഞ്ഞ ആദ്യകുർബാന ഡ്രസ്സ് എത്തിച്ചു കൊടുത്തതിനെപ്പറ്റിയും പ്രസിഡന്റ് ജോസ് എബ്രഹാം സംസാരിക്കുകയുണ്ടായി. തുടർന്ന് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് രൂപതാ പിതൃവേദിയുടെ നിയമാവലി ഒരു കോപ്പി പിതൃവേദി പ്രസിഡന്റ് പ്രൊഫ. ജോസ് എബ്രാഹം കിഴക്കേ ഉണ്ണിപ്പിള്ളിലിന് നൽകിക്കൊണ്ട് പ്രകാശനം ചെയ്യുകയുണ്ടായി. തദവസരത്തിൽ പിതൃവേദി സെക്രട്ടറി ശ്രീ. സാബു നമ്പ്യാപറമ്പിൽ, ട്രഷറർ ശ്രീ. ദേവസിക്കുട്ടി ചെറായിൽ, കമ്മറ്റി അംഗങ്ങളായ ശ്രീ. ഡേബാർ കൂന്താനം, ശ്രീ. ഇമ്മാനുവേൽ കാഞ്ഞിരക്കൊമ്പിൽ എന്നിവർ സന്നിഹിതരായിരുന്നു.

*Director*

# DCMS

*DCMS 2/2021* **ആദരാഞ്ജലികൾ**

DCMS സംഘടന സ്ഥാപക നേതാവും രൂപതാംഗവുമായ ശ്രീ. റ്റി. ജെ. മത്തായി തണ്ടുംപുറത്ത് (വാഴക്കുളം) 10-04-2021 ശനിയാഴ്ച നിര്യാതനായി. കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. മുൻ സംസ്ഥാന ഡയറക്ടർ റവ. ഫാ. ജോസ് വടക്കേക്കൂറ്റ്, കോതമംഗലം രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് കൊടകല്ലിൽ എന്നിവർ മൃതസംസ്കാരശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. DCMS സംസ്ഥാന ഭാരവാഹികളും രൂപതാ സമിതി അംഗങ്ങളും സംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്

*DFC 19/2021* **രൂപതാ എക്സിക്യൂട്ടീവ് യോഗം**

DFC രൂപതാ എക്സിക്യൂട്ടീവ് യോഗം 15-04-2021-ന് ആനിക്കാട് പള്ളി ഹാളിൽ വച്ച് ചേർന്നു. മാർച്ച് മാസത്തിൽ നടന്ന പ്രമോട്ടേഴ്സ് മീറ്റ്, സംസ്ഥാന സമിതി യോഗം എന്നിവ അവലോകനം ചെയ്തു. വർദ്ധിച്ചുവരുന്ന കോവിഡ് പശ്ചാത്തലത്തിൽ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു.

*DFC 20/2021* **Agents' Meet**

മാർച്ച് 19-ന് കോതമംഗലം കത്തീഡ്രൽ ഇടവകയിലും ഏപ്രിൽ 15-ന് ആനിക്കാട് ഇടവകയിലും ദീപിക ദിനപ്പത്രത്തിന്റെ വിതരണക്കാരായ ഏജന്റുമാരെ ആദരിച്ചു.

*DFC 21/2021* **Teachers' Guild ഭാരവാഹികളെ ആദരിച്ചു**

20-03-2021-ൽ കോതമംഗലം ബിഷപ്പ്സ് ഹൗസിൽ വച്ചു ചേർന്ന യോഗത്തിൽ അഭിവന്ദ്യ പിതാവ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് സജി മാത്യു, മറ്റു ഭാരവാഹികളായ Anish George, Bisoy George, Deepa Joshi, Geo Cherian, Anil M. Mathew എന്നിവരെ memento കൾ നല്കി ആദരിച്ചു. ദീപിക തീവ്രപ്രചരണ പദ്ധതിയുടെ ഭാഗമായി DFC യുമായി ചേർന്ന് അദ്ധ്യാപകരുടെ ഇട യിൽ ഇവർ നടത്തിയ പ്രവർത്തനങ്ങളെ പിതാവ് പ്രശംസിച്ചു.

ദീപിക വരിക്കാരായ അദ്ധ്യാപക-അനദ്ധ്യാപകരുടെ ലിസ്റ്റ് പ്രസിഡന്റ് സജി മാത്യു പിതാവിന് കൈമാറി. ചടങ്ങിൽ എഡ്യൂക്കേ ഷൻ സെക്രട്ടറി റവ. ഫാ. സ്റ്റാൻലി കുന്നേൽ, DFC രൂപതാ ഡയറ ക്ടർ റവ. ഫാ. ജോസ് കിഴക്കേൽ, ദീപിക ജനറൽ മാനേജർ (സർക്കു ലേഷൻ) റവ. ഫാ. ജിനോ പുന്നമറ്റത്തിൽ, ദീപിക കൊച്ചി യൂണിറ്റ് RM റവ. ഫാ. പോൾ മേലേടത്ത്, DFC സംസ്ഥാന ഉപദേശക സമിതി ചെയർമാൻ ജോയി നടുക്കുടി, രൂപതാ ജനറൽ സെക്രട്ടറി ഡിഗോൾ കൊളമ്പേൽ തുടങ്ങിയവർ സംബന്ധിച്ചു.

*Co-ordinator*

# യുവദീപ്തി - KCYM

*YD 19/2021* **രൂപത വാർഷിക കൗൺസിൽ**

യുവദീപ്തി KCYM കോതമംഗലം രൂപതയുടെ 2021-2022 പ്രവർത്തന വർഷത്തേക്കുള്ള പുതിയ ഭാരവാഹികളുടെ തിരഞ്ഞെടു പ്പും, ഫൊറോന വാർഷിക കൗൺസിലും 2021 മെയ് 9 ഞായറാഴ്ച മുവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു.

രൂപത വാർഷിക കൗൺസിലിൽ പങ്കെടുക്കുന്ന ഫൊറോന ഭാരവാഹികളുടെ എണ്ണവും, വാർഷിക കൗൺസിലിന്റെ സമയവും സർക്കുലർ വഴി ഫൊറോന സമിതികളെ അറിയിക്കുന്നതാണ്.

*YD 20/2021* **നന്ദി**

"എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും" (ഫിലി. 4:13) യുവദീപ്തി-KCYM കോതമംഗലം രൂപ തയുടെ 2020-2021 പ്രവർത്തനവർഷം ദൈവികപരിപാലനയുടെ ഈ വലിയ ഉറപ്പ് നൽകുന്ന ഒന്നായിരുന്നു. 2020 ഫെബ്രുവരി 9-ന് രൂപതാ

കൗൺസിൽ നടന്ന് പുതിയ ഭാരവാഹികൾ തെരഞ്ഞെടുക്കപ്പെട്ടു. ഇന്നോളം തുടർന്നുകൊണ്ടിരിക്കുന്ന കോവിഡ് -19 മഹാമാരി ഏറെ ഭീതിയിലാഴ്ത്തിയെങ്കിലും പ്രാർത്ഥനകൾ, സെമിനാറുകൾ, കമ്മിറ്റികൾ, വിവിധ മത്സരങ്ങൾ, മീറ്റിംഗുകൾ എന്നിവ ഓൺലൈനിലൂടെ സജീവമായി നടത്തുവാൻ ദൈവം നമ്മെ അനുഗ്രഹിച്ചു. കോവിഡ്, പ്രളയ ടാസ്ക്ഫോഴ്സ് രൂപീകരിക്കുവാനും അവയുടെ പ്രവർത്തനം കാര്യക്ഷമമായി തുടർന്നുപോകുവാനും സാധിച്ചു. യുവത്വം, പ്രേഷിതത്വം, രക്തസാക്ഷിത്വം എന്നീ ആദർശങ്ങളിലൂടെ മുന്നേറുവാൻ കഴിഞ്ഞ നാളുകളിൽ സാധിച്ചു. കോവിഡ് -19 എന്ന മഹാമാരി ലോകത്തെ ആകെ ഭീതിയിൽ നിർത്തിയപ്പോൾ തുടർന്നുള്ള പ്രവർത്തനങ്ങൾ ഏതുതരത്തിലാക്കണം എന്ന മാർഗ്ഗനിർദ്ദേശം നൽകി വഴിനടത്തിയ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും, ഫൊറോന യൂണിറ്റ് ഡയറക്ടർ അച്ചന്മാർക്കും, ആനിമേറ്റർ സിസ്റ്റേഴ്സിനും, 12 ഫൊറോന പ്രസിഡന്റുമാർക്കും, മറ്റു ഭാരവാഹികൾക്കും സാമ്പത്തിക സഹായം നൽകി സഹായിച്ച എല്ലാ സുമനസ്സുകൾക്കും രൂപതാസമിതിയുടെ നന്ദി.

ഈ പ്രതികൂല സാഹചര്യത്തിലും KCYM -ന്റെ പ്രവർത്തനങ്ങളിൽ പ്രാർത്ഥനയും പഠനവും സാമൂഹ്യപ്രശ്നങ്ങളിൽ ഉള്ള ഇടപെടലുകളും വിവിധ പ്രതിഷേധ പരിപാടികളും നടത്താൻ സാധിച്ചു എന്നതിൽ തികഞ്ഞ ചാരിതാർത്ഥ്യമുണ്ട്. തുടർന്നു വരുന്ന വർഷങ്ങളിൽ ഏവരുടെയും സഹായവും സഹകരണവും ഒപ്പം ഉണ്ടാകണമെന്ന് സ്നേഹത്തോടെ ഓർമിപ്പിക്കുന്നതോടൊപ്പം പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന രൂപതാ ഭാരവാഹികൾക്ക് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

*Director*

## ജീസസ് യൂത്ത്

*JY 21/2021* **SWAG (Saved With Abundant Grace)**

കോതമംഗലം സോൺ ക്യാമ്പസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഫസ്റ്റ് ഇയർ കോളേജ് വിദ്യാർത്ഥികൾക്കായി SWAG (Saved With Abundant Grace) എന്ന പേരിൽ ഒരു കൂട്ടായ്മ മാർച്ച് 21 ഞായറാഴ്ച,

രാവിലെ 9.30 മുതൽ വൈകുന്നേരം 3.30 വരെ നെസ്റ്റിൽ വച്ച് നടത്തപ്പെട്ടു. 35 ഓളം പേർ പങ്കെടുത്തു.

### *JY 22/2021* മധ്യസ്ഥപ്രാർത്ഥന

സോണൽ ഇന്റർസെഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഏപ്രിൽ 13 വരെയുള്ള ദിവസങ്ങളിൽ രാത്രി 9.30 മുതൽ 10 വരെ സൂം പ്ലാറ്റ് ഫോമിൽ സോണൽ അസംബ്ലിയോട് അനുബന്ധിച്ചുള്ള മധ്യസ്ഥപ്രാർത്ഥന നടത്തപ്പെട്ടു.

### *JY 23/2021* സോണൽ അസംബ്ലിയും പുതിയ കൗൺസിൽ തിരഞ്ഞെടുപ്പും

ജീസസ് യൂത്ത് കോതമംഗലം സോൺ സോണൽ അസംബ്ലിയും പുതിയ കൗൺസിൽ തിരഞ്ഞെടുപ്പും ഏപ്രിൽ 14 ബുധനാഴ്ച 9.30 am മുതൽ 1 pm വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെട്ടു. ഓൺലൈനായും സംപ്രേഷണം ചെയ്യപ്പെട്ട പ്രോഗ്രാമിൽ ഏകദേശം 70 പേർ ഓൺലൈൻ ആയും 50 പേർ ഓഫ്‌ലൈൻ ആയും പങ്കെടുത്തു. KJYC യിൽ നിന്നുള്ള സോണൽ റസ്പോൺസിബിൾ സോൾ സെബാസ്റ്റ്യൻ റികൺസ്റ്റിട്യൂഷൻ പ്രക്രിയകൾക്ക് നേതൃത്വം നൽകി. 2021 -2023 വർഷത്തേക്ക് ഉള്ള 8 അംഗ പുതിയ ടീം, കോ-ഓർഡിനേറ്റർ ജബിൻ ജോസ് ജോൺ-ന്റെ നേതൃത്വത്തിൽ സ്ഥാനമേറ്റു. ഫാ. പോൾ കാരക്കൊമ്പിൽ ആണ് സോണൽ ആനിമേറ്റർ. റീകൺസ്റ്റിട്യൂഷന് ഒരുക്കമായുള്ള 12 മണിക്കൂർ ആരാധന ഏപ്രിൽ 10-ന്, 7.00 am മുതൽ 7.00 pm വരെ മൂവാറ്റുപുഴ നിർമ്മല കോളേജ് ചാപ്പലിൽ വച്ച് നടത്തപ്പെട്ടു.

*Animator*

## കത്തോലിക്കാ കോൺഗ്രസ്

### *CC 5/2021* രൂപത സമിതി ഭാരവാഹികളെ തിരഞ്ഞെടുത്തു

കത്തോലിക്കാ കോൺഗ്രസ് കോതമംഗലം രൂപത സമിതിയുടെ 2021-24 വർഷത്തേക്കുള്ള ഭാരവാഹികളെ മുവാറ്റുപുഴ നിർമല ഹയർ സെക്കന്ററി ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന രൂപത പ്രതിനിധിസഭായോഗത്തിൽ തിരഞ്ഞെടുത്തു. പ്രസിഡന്റായി ജോസ് പു

തിയിടവും, ജനറൽ സെക്രട്ടറിയായി ജോൺ മുണ്ടൻകാവിലും, ട്രഷററായി ജോയ് പോൾ പീച്ചാട്ടും തിരഞ്ഞെടുക്കപ്പെട്ടു.

റോജോ ജോസഫ് വടക്കേൽ, കെ. എം. മത്തച്ചൻ കളപ്പുര, സിൽവി ടോം അഞ്ചുകണ്ടത്തിൽ, സീന സാജു മുണ്ടക്കൽ, വൈസ് പ്രസിഡന്റുമാർ, അഡ്വ. ഇ. കെ. ജോസ് ഇലഞ്ഞിക്കൽ, ഐപ്പച്ചൻ തടിക്കാട്ട്, ഗ്ലോബൽ പ്രവർത്തക സമിതി അംഗങ്ങൾ, അഡ്വ വി. യു. ചാക്കോ വറങ്ങലക്കുടി, ജോർജ് പി. ജെ. പാലപറമ്പിൽ, ബേബിച്ചൻ നിധീരി, അഡ്വ. തമ്പി പിട്ടാപ്പിള്ളി, തോമസ് ചരളംകുന്നേൽ, ജോസ് കൊട്ടുപിള്ളി, മോൻസി മങ്ങാട്ട്, ആന്റണി പാലക്കുഴി, വി. ടി. ചാക്കോ വിളയപ്പിള്ളി, ജെയിംസ് പീറ്റർ മാതേക്കൽ, ജോസഫ് ചാക്കോ തോട്ടത്തിമാലി, ജോസ് വർക്കി പാലക്കുഴി സെക്രട്ടറിമാർ, ഡോ ജോസുകുട്ടി ജെ. ഒഴുകയിൽ, അഡ്വ. പോൾ ജോസഫ് കുളത്തൂർ, ബിനു ബേബി മണ്ണൂർ, ജോയി മാത്യു കാവപുരക്കൽ, എം. എം. തോമസ് മലേക്കുടിയിൽ, റൂബി തോമസ് നെടുങ്കല്ലേൽ, ഗർവാസീസ് തോമസ് റാത്തപ്പിള്ളിൽ, മറിയാമ്മ ബെന്നി തോട്ടുപാട്ട്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവരെയും തിരഞ്ഞെടുത്തു.

വരണാധികാരികളായ റവ. ഡോ. തോമസ് ചെറുപറമ്പിൽ, അഡ്വ. സുജേഷ് കെ. മാത്യു എന്നിവർ തിരഞ്ഞെടുപ്പിന് നേതൃത്വം നൽകി. തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളെ ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം അഭിനന്ദിച്ചു.

*Director*

# അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 2/2021* **YouTube Channel, SFO KERALA**

ഫ്രാൻസിസ്കൻ അല്മായ സഭയിലെ പ്രാർത്ഥനകളും പ്രതിമാസ യോഗ പരിപാടികളും പള്ളിക്കാമുറി സെന്റ് മൈക്കിൾ കപ്പൂച്ചിൻ ആശ്രമത്തിൽ വച്ച് ചിത്രീകരിച്ചു. SFO യുടെ രൂപത YouTube Channel ആയ "SFO KERALA" യിൽ upload ചെയ്യുകയും ചെയ്തു. ഇതിന്റെ ലിങ്ക് താഴെ ചേർക്കുന്നു:

https://youtube.com/channel/UCIhU5znBbxj0wbTIA7ZYymQ
എല്ലാ അംഗങ്ങളും ഇത് കാണുകയും പങ്ക് ചേരുകയും ചെയ്യണം എന്ന് രൂപത കൗൺസിൽ അറിയിക്കുന്നു.

*SFO 3/2021* **സൗജന്യ ഭക്ഷണം**

ഗവൺമെന്റ് ഹോസ്പിറ്റലിൽ സൗജന്യമായി ഭക്ഷണം നൽകുന്നത് മാർച്ച് മുതൽ പുനരാരംഭിച്ചു.

*SFO 4/2021* **ആദരാഞ്ജലികൾ**

2005 മുതൽ 2011 വരെ SFO കോതമംഗലം രൂപതയുടെ ഡയറക്ടറും spiritual assistant ഉം ആയി പ്രവർത്തിച്ച Rev. Fr. Julius പൂമരം അച്ചൻ (84) ഏപ്രിൽ 12 -ന് അന്തരിച്ചു. കോതമംഗലം രൂപതയിലെ ഫ്രാൻസിസ്കൻ അല്മായ സഭാപ്രവർത്തനങ്ങൾ പുനരാരംഭിച്ച് പുനരുജ്ജീവിപ്പിച്ചത് ബഹു. അച്ചനാണ്. എല്ലാവരോടും ഹൃദ്യമായ ആത്മബന്ധം പുലർത്തിയിരുന്ന അച്ചന്റെ വിയോഗത്തിൽ SFO കോതമംഗലം രൂപത അനുശോചിച്ചു. രൂപത മിനിസ്റ്റർ, വൈസ് മിനിസ്റ്റർ, സെക്രട്ടറി, ട്രഷറർ, രൂപത ഡയറക്ടർ, സീറോ മലബാർ നാഷണൽ കൗൺസിലർ എന്നിവർ അന്ത്യോപചാരം അർപ്പിച്ചു.

*SFO 5/2021* **ആതുര സേവനങ്ങൾ**

ഈസ്റ്ററിനോടനുബന്ധിച്ച് യൂണിറ്റ് തലത്തിൽ വ്യക്തികൾ വിവിധ ആതുര സേവനങ്ങൾ നടത്തി. ആതുരാലായങ്ങൾക്ക് വേണ്ട ഭക്ഷ്യ വസ്തുക്കൾ, ശുചിത്വ വസ്തുക്കൾ എന്നിവ സംഭാവന ചെയ്തു.

*Director*

---

# സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

---

*SV 1/2021* **ഏരിയ കൗൺസിൽ വാർഷികങ്ങൾ**

ഏപ്രിൽ 17 ശനിയാഴ്ച കീരംപാറ AC യുടെ വാർഷികം കീരംപാറ സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ വച്ച് നടന്നു. മണികണ്ടംചാൽ

സെന്റ് മേരീസ് കോൺഫ്രൻസിന് അന്തർദേശീയ കൗൺസിലിൽ നിന്നും ലഭിച്ച അഗ്രിഗേഷൻ സർട്ടിഫിക്കറ്റ് ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. ജോർജ്ജ് പുല്ലൻ വിതരണം ചെയ്തു. AC പ്രസിഡന്റ് ബ്ര. ജോസഫ് ചിറ്റൂപ്പറമ്പിൽ നേതൃത്വം നൽകി.

ഏപ്രിൽ 18 ഞായറാഴ്ച തൊടുപുഴ ഈസ്റ്റ് ഏരിയാ കൗൺസിൽ വാർഷികം തൊടുപുഴ ഓസാനാം ഹോളിൽ വച്ചു നടന്നു. കല്ലാനിക്കൽ, തലയനാട്. കലയന്താനി കോൺഫ്രൻസുകളുടെ കാലാവധി പൂർത്തിയായ പ്രസിഡന്റുമാർക്ക് സമുചിതമായ യാത്രയയപ്പും പുതിയ പ്രസിഡന്റുമാർക്ക് സ്വീകരണവും നൽകി. സി.സി.യുടെ പ്രസിഡന്റ് ബ്ര. ബേബി തെക്കെച്ചെരുവിൽ പങ്കെടുത്തു.

ഏപ്രിൽ 18 ഞായറാഴ്ച കോതമംഗലം ഈസ്റ്റ് ഏരിയാ കൗൺസിൽ വാർഷികം ഊന്നുകൽ സെന്റ് ലിറ്റിൽ ഫ്ളവർ പള്ളിയിൽ വച്ച് നടന്നു. ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഡോ. തോമസ് പോത്തനാമുഴി, AC പ്രസിഡന്റ് ബ്ര. ജോളി ജോസഫ് പനച്ചിയിൽ എന്നിവർ നേതൃത്വം നൽകി.

നാഷണൽ കൗൺസിൽ നിന്നും ലഭിച്ച സ്കോളർഷിപ്പുകൾ കൊടുവേലി സെന്റ് തെരേസാസ് കോൺഫ്രൻസിലെ ആറ് കുട്ടികൾക്ക് ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. തോമസ് മഞ്ഞക്കുന്നേൽ വിതരണം ചെയ്തു. കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. ജൻസൺ, കാളിയാർ ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്ര. സേവ്യർ കരിന്തോളിൽ, അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

*Director*

---

# കേരള ലേബർ മൂവ്മെന്റ്

---

## *KLM 7/2021* മെമ്പർഷിപ്പ് മാസാചരണം

കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള മെമ്പർഷിപ്പ് കാമ്പയിൻ മെയ് 1 മുതൽ 31 വരെ നടക്കും. പുതിയ അംഗങ്ങളെ ചേർക്കുന്നതോടൊപ്പം നിലവിലുള്ള അംഗങ്ങളുടെ മെമ്പർഷിപ്പ് പുതുക്കുന്നതിനും പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനുമുള്ള അവസരമാണിത്.

*KLM 8/2021* **പരസ്പര സഹായ സാമൂഹ്യ സുരക്ഷാപദ്ധതി**

ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന പരസ്പര സഹായ സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നു. താല്പര്യമുള്ളവർ താഴെ പറയുന്ന നമ്പറിൽ ബന്ധപ്പെടുക. 9198778180

*Director*

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**മാർച്ച് 2021**

21 • പെരിങ്ങഴ സെന്റ് ജോസഫ് ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് വി. യൗസേപ്പിതാവിന്റെ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിച്ചു.

22 • മൈലക്കൊമ്പ്, മുതലക്കോടം, പൈങ്ങോട്ടൂർ ഫൊറോനകളിലെ വിശ്വാസപരിശീലകരുടെ ഓൺലൈൻ മീറ്റിംഗിൽ സന്ദേശം നൽകി.

23 • മൂവാറ്റുപുഴ, ഊന്നുകൽ ഫൊറോനകളിലെ വിശ്വാസപരിശീലകരുടെ ഓൺലൈൻ മീറ്റിംഗിൽ സന്ദേശം നല്കി.

24 • NESTT പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ KCYM ഭാരവാഹികളുടെ മീറ്റിംഗിൽ സന്ദേശം നല്കി.

• തൊടുപുഴ, മാറിക ഫൊറോനകളിലെ വിശ്വാസപരിശീലകരുടെ ഓൺലൈൻ മീറ്റിംഗിൽ സന്ദേശം നൽകി.

25 • കത്തീഡ്രൽ ദൈവാലയത്തിൽ നാല്പതുമണിയാരാധനയുടെ സമാപനദിനത്തിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

• ഊന്നുകൽ ഇടവകയിൽ ഓൺലൈൻ പാസ്റ്ററൽ വിസിറ്റ് നടത്തി.

27 • വാഴപ്പിള്ളി ലിസ്യൂ സെന്ററിൽ നടത്തിയ ഫോർമേഷൻ കോഴ്സിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

28 • ബെസ്സഹം തിരുക്കുടുംബ ദൈവാലയത്തിൽ ഓശാനയുടെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം കൊടുക്കുകയും തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കുകയും ചെയ്തു.

29 • കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പ് വി. മൂറോൻ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

• OCD മലബാർ പ്രോവിൻസ് അംഗമായ ഫാ. സെബാസ്റ്റ്യൻ പടയാട്ടിലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മൂവാറ്റുപുഴ ലിസ്യൂ സെന്ററിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

• ബഹു. ജെയിംസ് തലച്ചെല്ലൂർ അച്ചന്റെ മാതാവിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

• പുലിയൻപാറ ടാർ മിക്സിംഗ് പ്ലാന്റ് അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് കോതമംഗലം രൂപത കത്തോലിക്കാ കോൺഗ്രസിന്റെയും KCYM -ന്റെയും ആഭിമുഖ്യത്തിൽ കവളങ്ങാട് പഞ്ചായത്ത് ഓഫീസിന് മുമ്പിൽ നടത്തിയ പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്തു.

**ഏപ്രിൽ 2021**

1 • കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ച് പെസഹായുടെ തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

• കുളപ്പുറം ഇടവകാംഗമായ ബഹു. ജേക്കബ് പുതിയേടത്തച്ചന്റെ സഹോദരന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

2 • കാവക്കാട് ഇടവക ദൈവാലയത്തിൽ ദുഃഖവെള്ളിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

3 • കോട്ടപ്പടി ഇടവകയിൽ ദുഃഖശനിയുടെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

4 • കത്തീഡ്രൽ ദൈവാലയത്തിൽ ഉയിർപ്പുതിരുനാളിന്റെ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

7 • S.M.S. സന്യാസിനീസമൂഹത്തിൽ സുവർണ്ണജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

- കുണിഞ്ഞി ഇടവകാംഗവും സെന്റ് തോമസ് മിഷനറി സൊസൈറ്റി വൈദികനുമായ ബഹു. ജോൺ നാട്ടുനിലത്ത് അച്ചന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

8 • ആരക്കുഴ സെന്റ് മേരീസ് ഫൊറോന പള്ളിയെ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ മേജർ ആർച്ചുബിഷപ്പിനോടൊപ്പം ബലിയർപ്പിച്ചു.

9 • CMC സന്യാസിനീസമൂഹത്തിൽ രജതജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

10 • MSJ സന്യാസിനീസമൂഹത്തിൽ രജതജൂബിലിയാഘോഷിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

- കോവിഡ് കാലത്ത് കോതമംഗലം സമരിറ്റൻസിനോടൊപ്പം സ്തുത്യർഹമായ സേവനം കാഴ്ചവച്ച യുവജനങ്ങളെ മൂവാറ്റുപുഴ NESTT പാസ്റ്ററൽ സെന്ററിൽ വച്ച് ആദരിക്കുകയും രൂപതാതലത്തിൽ നടത്തപ്പെട്ട ഓൺലൈൻ മത്സരങ്ങളുടെ സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

11 • തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ ദൈവകരുണയുടെ തിരുനാളിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

- വാഴക്കുളം ഇടവകാംഗമായ റ്റി.ജെ. മത്തായി തണ്ടുംപുറത്തിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

12 • പുറപ്പുഴ ഇടവകാംഗമായ ബഹു. ജെയിംസ് കുര്യനാൽ അച്ചന്റെ മരണവാർഷികത്തോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

13 • രൂപതാ പ്രസ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

14 • വെട്ടിമറ്റം ഇടവകാംഗമായ റോസ ചെറുകുന്നേലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

- CMC സഭാംഗമായ സി. റാണിറ്റ മാതേക്കലിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് കോതമംഗലം കർമ്മലീത്താമഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

- തൊടുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് SABS സന്യാസിനീസമൂഹത്തിലെ അംഗങ്ങളായ സി. ബിന്യാ മേരി പുതുപറമ്പിൽ, സി. സെൽമ പുനത്തിൽ, സി. അനിറ്റ് ചേമ്പാലയിൽ, സി. ജിൻസി വാടയിൽ എന്നിവരുടെ സഭാവസ്ത്രസ്വീകരണതിരുക്കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

15 • കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴയിൽ ആരംഭിച്ചിരിക്കുന്ന ജീവ ലബോറട്ടറിയുടെ വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു.

17 • കോതമംഗലം CSN അൽഫോൻസ മഠം കപ്പേളയുടെ പുനഃപ്രതിഷ്ഠാകർമ്മം നിർവഹിച്ചു.

- ഓൺലൈനായി നടത്തപ്പെട്ട രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

18 • ആരക്കുഴ മലേക്കുരിശ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

19 • പൈങ്ങോട്ടൂർ ഇടവകാംഗമായ ഡീ. ജോബി തെരുവിക്കൽ O.Carm. -ന് പൗരോഹിത്യപട്ടം നൽകി.

- CMC സഭാംഗമായ സി. ഗ്രേഷ്യസ് മൈലാടൂരിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ആരക്കുഴ മഠം കപ്പേളയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

# Bishop's Engagements

## May 2021

| | | | | |
|---|---|---|---|---|
| 03 | Mon | • Ordination | Kaliyar | 09.15 am |
| | | Holy Qurbana | Vazhakulam | 03.30 pm |
| 11 | Tue | • Meeting | Nirmala College | 03.00 pm |
| 12 | Wed | • Vestition & Minor Orders | Minor Seminary | 09.00 am |
| 20 | Thu | • Blessing | Vazhapilly Priest Home | |
| 24 | Mon | • Ordination | Nakapuzha | 09.15 am |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. കുര്യാക്കോസ് വട്ടക്കുന്നുംപുറം | ചരമദിനം | 07-06-1975 |
| ഫാ. ജോൺ കൊച്ചുമുട്ടം | ” | 11-06-1973 |
| ഫാ. ജോസ് പീച്ചാട്ട് | ” | 11-06-2016 |
| ഫാ. ജോർജ് പടിഞ്ഞാറേക്കൂറ്റ് (Sr.) | ” | 14-06-1966 |
| ഫാ. ജോർജ് നമ്പ്യാപറമ്പിൽ | ” | 25-06-1995 |
| ഫാ. മാത്യു മൂഞ്ഞനാട്ട് | ” | 26-06-2014 |
| ഫാ. ജോർജ് പടിഞ്ഞാറയിൽ | ” | 28-06-2004 |

# നിര്യാതരായി

## സി. റാണിറ്റ CMC (മാതേയ്ക്കൽ)

| | | |
|---|---|---|
| ഇടവക | - | ആരക്കുഴ |
| ജനനം | - | 23-03-1940 |
| ആദ്യവ്രതം | - | 02-05-1959 |
| നിത്യവ്രതം | - | 01-05-1963 |
| മരണം | - | 12-04-2021 |
| മൃതസംസ്കാരം | - | 14-04-2021 |

(കത്തീഡ്രൽ, കോതമംഗലം)

## സി. ഗ്രേഷ്യസ് CMC (മൈലാടൂർ)

| | | |
|---|---|---|
| ഇടവക | - | അറക്കുളം (പാലാ) |
| ജനനം | - | 29-02-1936 |
| ആദ്യവ്രതം | - | 01-05-1961 |
| നിത്യവ്രതം | - | 15-04-1966 |
| മരണം | - | 18-04-2021 |
| മൃതസംസ്കാരം | - | 19-04-2021 (ആരക്കുഴ മഠം) |




**മൂവാറ്റുപുഴയിൽ ആരംഭിച്ചിരിക്കുന്ന**
**ജീവ ലബോറട്ടറിയുടെ ഉദ്ഘാടനം**



**ബഹു. ഡീക്കന്മാർക്ക് ആശംസകൾ**

Deivarajyam May 2021
●R.N.7623/63
Registered No. KL/ALY/0020/2020-2022
Date of publication: 1/5/2021
●Posted at Thodupuzha Stg.
Annual Subscription ₹ 100.00





St. Joseph



St. Athanasius



St. Addai



St. Philip



St. James



St. Dominic Savio



St. Mathias



The Ascension of Jesus Christ

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691